കിള്ളിയാറിനു കുറുകെ
കല്ലടിമുഖം പാലവും അനുബന്ധ റോഡുകളും
നിർമ്മിക്കുന്ന പദ്ധതി

സാമൂഹ്യ ആഘാത പഠന റിപ്പോർട്ട്
&
സാമൂഹ്യ പ്രത്യാഘാത മാനേജ്മെന്റ് പ്ലാൻ

(കരട് റിപ്പോർട്ട്)

തിരുവനന്തപുരം ജില്ല കളക്ടറേറ്റ്

തീയതി : 06.06.2024

Prepared By

ADHWANA

Kerala Forum of Partners in Functional Vocational Training
Koodaram, Parvathy Nagar
Menamkulam, Kazhakkuttom P.O.
Thiruvananthapuram – 695 582
Mob : 9447971846
Email : adhwanaindia@gmail.com
www.adhwana.org

Social Impact Assessment Report &
Social Impact Management Plan

Kalladimugham Bridge and Approach Roads

Prepared by:	Adhwana SIA Unit
Submitted to:	Deputy Collector (L.A) Collectorate, Civil Station, Kudappanakkunnu, Thiruvananthapuram - 695 043.

Date	:	06-06-2024
Place	:	Menamkulam, Kazhakkuttom, Thiruvananthapuram

ഉള്ളടക്കം

അദ്ധ്യായങ്ങൾ		പേജ്
1	പഠന സംഗ്രഹം	4
2	പദ്ധതി വിശദ വിവരങ്ങൾ	10
3	പഠന രീതി	22
4	ഭൂമിയുടെ മൂല്യ നിർണ്ണയം	25
5	ബാധിതരായ കുടുംബങ്ങളുടേയും അവരുടെ സ്ഥാവര ജംഗമ സ്വത്തുക്കളുടേയും വിവരങ്ങൾ	30
6	സാമൂഹിക, സാമ്പത്തിക, സാംസ്ക്കാരിക സാഹചര്യങ്ങൾ	35
7	സാമൂഹ്യ ആഘാതങ്ങൾ	40
8	ഗുണദോഷ വിശകലനം	43
9	സാമൂഹ്യ പ്രത്യാഘാത മാനേജ്മെന്റ് പ്ലാൻ	45
10	പ്രധാന കണ്ടെത്തലുകളും ശുപാർശകളും.	50

അദ്ധ്യായം ഒന്ന്
പഠന സംഗ്രഹം
(Executive Summary)

1.1. ആമുഖം

തിരുവനന്തപുരം ജില്ലയിൽ, തിരുവനന്തപുരം താലൂക്കിൽ, മണക്കാട് വില്ലേജിൽ കിള്ളിയാറിനു കുറുകെ കല്ലടിമുഖം പാലവും അനുബന്ധ റോഡുകളും നിർമ്മിക്കുന്ന പദ്ധതിക്കുവേണ്ടി ഭൂമി പൊന്നും വിലയ്ക്ക് എടുക്കുന്നതിന് ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടായേക്കാമെന്നോ കേരള സർക്കാറിന് ബോദ്ധ്യപ്പെട്ടതിനാൽ, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള ആക്ട് 2013–ലെ 4–ാം വകുപ്പിന്റെ ഒന്നാം ഉപവകുപ്പ് അനുസരിച്ച് കേരള സർക്കാറിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം വിനിയോഗിച്ച് ഒരു സാമൂഹ്യ ആഘാത പഠനം നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

പ്രസ്തുത ആക്ടിൽ പരാമർശിച്ചിട്ടുള്ളതുപോലെ, സാമൂഹ്യ ആഘാത പഠനം നടത്തുന്നതിനും സാമൂഹിക ആഘാത ലഘൂകരണ പദ്ധതി തയ്യാറാക്കുന്നതിനും അദ്ധ്വാനയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. (2024 ജനുവരി 16–ലെ അസാധാരണ ഗസറ്റ് വിജ്ഞാപനം നമ്പർ 156 കാണുക – കെ5–463322/22 – തീയതി 12 ജനുവരി 2029) അനുസരിച്ച് അദ്ധ്വാന സാമൂഹ്യ ആഘാത പഠന യൂണിറ്റ് നടത്തിയ ഗവേഷണത്തിന്റെ സംക്ഷിപ്ത റിപ്പോർട്ട് ആണ് ഈ അദ്ധ്യായത്തിൽ.

1.2. പദ്ധതി സംഗ്രഹം

മണക്കാട് വില്ലേജിൽ കിള്ളിയാറിനു കുറുകെ നിലവിലെ ഉരുക്കു പാലത്തിന് പകരം അതേ സ്ഥലത്ത് കൂടുതൽ വീതിയുള്ള കോൺക്രീറ്റ് പാലവും അനുബന്ധ റോഡുകളും നിർമ്മിക്കുന്നതിനുള്ളതാണ് കല്ലടിമുഖം പാലത്തിന്റെയും അനുബന്ധ റോഡുകളുടേയും നിർമ്മാണത്തിനുള്ള പദ്ധതി. പത്തര കോടി രൂപ ഇതിനായി ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനും പാലവും അപ്രോച്ച് റോഡുകളും നിർമ്മിക്കുന്നതിനുമാണ് പ്രസ്തുത തുക അനുവദിച്ചിട്ടുള്ളത്.

44 സർവ്വേ നമ്പറുകളിലെ വസ്തുക്കളിൽ 25 വസ്തുക്കൾ ഭാഗീകമായും, 15 വസ്തുക്കൾ പൂർണ്ണമായും ഏറ്റെടുക്കേണ്ടതുണ്ട്. അതിൽ, 33 സർവ്വേ നമ്പറുകളിലുള്ള വസ്തുക്കളുടെ ഉടമസ്ഥരായ 31 പേരെയാണ് സ്ഥലമെടുപ്പ് നേരിട്ട് ബാധിക്കുന്നത്. 13 സ്ഥലങ്ങൾക്ക് ഒന്നിലധികം ഉടമസ്ഥരും 20 സ്ഥലങ്ങൾക്ക് ഓരോ ഉടമസ്ഥരുമാണ് ഉള്ളത്. 33 പുരയിടങ്ങളും 9 പുറമ്പോക്കുകളും 2 റോഡ് പുറമ്പോക്കുകളുമാണ് ഏറ്റെടുക്കുന്ന ഭൂമി.

ആയിരക്കണക്കിന് ആളുകൾക്ക് നഗരത്തിലേക്ക് പോകുന്നതിന് ഉപയോഗിച്ചിരുന്ന ഉരുക്കുപാലം അപകടാവസ്ഥയിലാണെന്ന് ജനങ്ങളും ഉദ്യോഗസ്ഥരും തിട്ടപ്പെടുത്തിയതിനെ തുടർന്നാണ് പുതിയ പാലത്തിന് വേണ്ടിയുള്ള ആസൂത്രണം 2014–നു മുമ്പുതന്നെ ആരംഭിച്ചത്.

പാലത്തിന്റെയും അപ്രോച്ച് റോഡുകളുടേയും നിർമ്മാണം പൂർത്തിയായാൽ, പ്രദേശ വാസികൾക്കും പുറത്തുനിന്ന് വന്നു പോകുന്നവർക്കും വളരെയേറെ സമയവും പണവും ലാഭിക്കുകയും യാത്രാ സൗകര്യം വർദ്ധിക്കുകയും ചെയ്യും. ഇത് ജനങ്ങളുടെ ജീവിത ഗുണ നിലവാരം സാരമായും സുസ്ഥിരമായും ഉയർത്താൻ ഉപകരിക്കും എന്നതാണ് ഈ പദ്ധതിയുടെ പ്രസക്തി.

1.3. പഠനരീതി (Methodology)

ശാസ്ത്രീയവും പങ്കാളിത്താധിഷ്ഠിതവുമായാണ് ഈ പഠനം പൂർത്തിയാക്കിയിട്ടുള്ളത്. പ്രാഥമികവും ദ്വിതീയവുമായ സ്രോതസ്സുകളെ അവലംബമാക്കിയാണ് ഈ പഠനത്തിനു വേണ്ട വിവരങ്ങൾ ശേഖരിച്ചത്.

1.3.1. പ്രാഥമിക സ്രോതസ്സുകൾ (Primary Sources)

1. ഭൂവുടമകളും അവരുടെ കുടുംബാംഗങ്ങളും
2. ജനപ്രതിനിധികളും പൊതു പ്രവർത്തകരും
3. പൊതുമരാമത്ത് വകുപ്പിലെ ഉദ്യോഗസ്ഥർ
4. മണക്കാട് വില്ലേജ് ഓഫീസ് ജീവനക്കാർ
5. പ്രദേശ വാസികൾ

1.3.2. ദ്വിതീയ സ്രോതസ്സുകൾ (Secondary sources)

1. തിരുവനന്തപുരം ജില്ലാ ഡെപ്യൂട്ടി കളക്ടർ (എൽ.എ)യുടെ ഓഫീസിൽ നിന്ന് ലഭിച്ച രേഖകൾ.

2. ഭൂമിയുടെ ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനുമുള്ള നിയമവും (2013) ബന്ധപ്പെട്ട മറ്റ് നിയമങ്ങളും.
3. Policy of the State of Kerala for Compensation in Land Acquisition (G.O.(Ms)No. 485/2015/RD dated 23/09/2015).
4. E-Maps
5. Form 2–ലെ വിവരങ്ങൾ റെക്വിസിഷനിംഗ് അതോറിറ്റി നൽകിയതനുസരിച്ച്

ഭൂവുടമകൾ, പ്രദേശവാസികൾ, പൊതുപ്രവർത്തകർ, ഉദ്യോഗസ്ഥർ എന്നിവരിൽ നിന്ന് നേരിട്ടും ഫോണിലൂടെയും ആണ് വിവരങ്ങൾ ശേഖരിച്ചത്. മുൻകൂട്ടി തയ്യാറാക്കിയ ചോദ്യാവലിയുടെ (Interview Schedule) സഹായത്തോടെയാണ് പ്രാഥമിക വിവര ശേഖരണം പുർത്തിയാക്കിയത്.

1.4. പ്രധാന കണ്ടെത്തലുകൾ

1.4.1. നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ട 12 ആർ ഭൂമി 44 സർവ്വേ നമ്പറുകളിലുള്ളവയാണ്. അതിൽ 2 റോഡ് പുറമ്പോക്കുൾ ഉൾപ്പെടെ 11 വസ്തുക്കൾ പുറമ്പോക്ക് ആയിട്ടാണ് രേഖകളിൽ കാണുന്നത്. 33 പുരയിടങ്ങളിലായിട്ടാണ് പ്രസ്തുത ഭൂമി കിടക്കുന്നത്.

1.4.2. നിലവിലെ ഉരുക്കുപാലത്തിന്റെ കിഴക്കും പടിഞ്ഞാറും റോഡിന്റെ ഇരുവശങ്ങളിലുമായിട്ടാണ് ഏറ്റെടുക്കാനുള്ള ഭൂമി കിടക്കുന്നത്.

1.4.3. എല്ലാ വസ്തുക്കളിലും ചെറിയ കെട്ടിടങ്ങൾ നിലവിലുണ്ട്. അവ ഏറെയും ഉടമകൾ താമസിക്കുന്ന വീടുകളാണ്. ചില വീടുകൾ വാടകയ്ക്ക നൽകി ഉടമകൾ വേറെ സ്ഥലങ്ങളിൽ താമസിക്കുന്നു.

1.4.4. ചില വസ്തുക്കളിൽ വൃക്ഷലതാദികളുണ്ട്. വലിയ വൃക്ഷങ്ങൾ കുറവാണ്.

1.4.5. പലവീടുകളുടേയും റോഡിനോട് ചേർന്ന മതിലുകളുൾപ്പെടുന്ന ഭാഗങ്ങളാണ് ഏറ്റേടുക്കേണ്ടിയിരിക്കുന്നത്.

1.4.6. ന്യായവും നിയമാനുസരണവുമായ നഷ്ടപരിഹാരം ലഭിച്ചാൽ, പദ്ധതിക്കായി ഭൂമി വിട്ടു നൽകുന്നതിന് എല്ലാ ഭൂവുടമകൾക്കും സമ്മതമാണ്.

1.4.7. പരേതനായ ശ്രീ. കൃഷ്ണൻ എന്നയാളുടെ ഭൂമിയുടെ ഒരു ഭാഗം വിനായക കലാകായിക സംഘം ഓഫീസായി ഉപയോഗിച്ചു വരുന്നുവെന്നും ഉടമയുടെ അനുവാദത്തോടും സമ്മതത്തോടുമാണ് അത് കൈവശം വച്ചിരിക്കുന്നതെന്നും സംഘം പ്രവർത്തകർ അറിയിച്ചു. പകരം സ്ഥലം തങ്ങൾക്ക് അനുവദിച്ചു തരേണ്ടതാണെന്ന് അവർ ആവശ്യപ്പെടുന്നുണ്ട്.

1.4.8. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് സാമൂഹ്യ, രാഷ്ട്രീയ, സംസ്ക്കാരിക പ്രശ്നങ്ങൾ ഉണ്ടാകാനുള്ള സാഹചര്യമൊന്നുമില്ല.

1.4.9. ഭൂവുടമകൾക്ക് പ്രശ്നങ്ങളില്ലാത്തതിനാൽ, എത്രയും വേഗം സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാക്കണമെന്നാണ് അവരുടെ താൽപര്യം. നാട്ടുകാരും അത് ആഗ്രഹിക്കുന്നു. 2014–ന് മുമ്പു തന്നെ പദ്ധതിയെ പറ്റിയുള്ള ചർച്ച പൊതുജന മദ്ധ്യത്തിലുള്ളതിനാൽ, നിർമ്മാണം നടത്താൻ ഇനിയും അമാന്തിക്കരുത് എന്നാണ് പൊതു സമൂഹം ആവശ്യപ്പെടുന്നത്.

1.5. പ്രധാന ശുപാർശകൾ

1.5.1. നിർമ്മാണ പ്രവർത്തനങ്ങൾ അംഗീകൃത രൂപരേഖയ്ക്ക് അനുയോജ്യമായി നടക്കുന്നെന്ന് ഉറപ്പുവരുത്തുക.

1.5.2. ഭൂവുടമളെയും പൊതുജനങ്ങളേയും മുഖവിലയ്ക്കെടുത്ത്, നിർമ്മാണ സമയത്ത് ഉണ്ടാകാനിടയുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ വേണ്ടത്ര മുന്നൊരുക്കങ്ങൾ ചെയ്യുക.

1.5.3. ബദൽ യാത്രാസൗകര്യം ആസൂത്രണം ചെയ്ത് നേരത്തേ തന്നെ ജനങ്ങളെ അറിയിക്കുക.

1.5.4. ഗുണമേന്മയുള്ള ഉപകരണങ്ങളും നിർമ്മാണ സാമഗ്രികളും ആണ് ഉപയോഗിക്കുന്നതെന്ന് ഉറപ്പു വരുത്തുക.

1.5.5. നിർമ്മാണ സമയത്ത് അപകടങ്ങൾ ഉണ്ടാകാതിരിക്കാനുള്ള മുൻകരുതൽ എടുക്കുക.

1.5.6. പ്രദേശ വാസികളുടെ ഇടയിൽ പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളെപ്പറ്റി അവബോധം സൃഷ്ടിക്കുന്നത് അവരുടെ സഹകരണം ഉറപ്പാക്കാൻ സഹായിക്കും.

1.5.7. ഭൂമി ഏറ്റെടുക്കൽ നിയമ നൂലാമാലകളിലേക്ക് എത്തിപ്പെടാതിരി ക്കാനായി നീതി പൂർവ്വവും സാമൂഹ്യ സാമ്പത്തിക

സാഹചര്യങ്ങൾ വിലയിരുത്തിയും ഭൂവുടമകളുടെ ന്യായമായ താത്പര്യങ്ങൾ പരമാവധി മനസ്സിലാക്കിക്കൊണ്ടും തീർപ്പുകൾ കൽപ്പിക്കുന്നതാകും ഉചിതം.

1.5.8. വിനായക കലാകായിക സംഘത്തിന് ഉചിതമായ മറ്റൊരു സ്ഥലം നിർണ്ണയിച്ച് നൽകിയാൽ അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഒഴിവാക്കാവുന്നതാണ്.

1.6. സാമൂഹ്യ ആഘാത മാനേജ്മെന്റ് പ്ലാൻ

കല്ലടിമുഖം പാലം നിർമ്മാണ പദ്ധതി പൂർത്തിയാകുമ്പോൾ സാരമായ പ്രത്യാഘാതങ്ങൾ ഒന്നും ഉണ്ടാവുകയില്ല എന്ന് മാത്രമല്ല ധാരാളം പേർക്ക് വലിയ പ്രയോജനങ്ങൾ ഉണ്ടാവുകയും ചെയ്യും എന്ന് കാണുന്നു. എങ്കിലും, ഭൂവുടമകൾക്ക് നഷ്ടമാകുന്ന സ്ഥലത്തിനും മറ്റ് ആസ്തികൾക്കും നിയമാനുസരണമായി പരിഹാരം ലഭിക്കേണ്ടതായിട്ടുണ്ട്. അത് എത്രയും വേഗം ന്യായമായ തീർപ്പുകളിലൂടെ അവർക്ക് നൽകുക എന്നതാണ് പ്രത്യാഘാതങ്ങൾ ലഘൂകരിക്കാനുള്ള വഴി.

നിയമക്കുരുക്കുകളിൽപ്പെട്ട് പദ്ധതി തടസ്സപ്പെടാതിരിക്കാനും ഭൂവുടമകൾക്ക് നഷ്ടപരിഹാരം ലഭിക്കാനും ഇതല്ലാതെ മറ്റ് മാർഗ്ഗങ്ങളില്ല.

നിർമ്മാണത്തിനിടെ പൊതുജനങ്ങൾക്ക് ഉണ്ടാകാനിടയുള്ള തടസ്സങ്ങളും പ്രയാസങ്ങളും കുറയ്ക്കുന്നതിന് ബദൽ യാത്രാ സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.

നിർമ്മാണം നടക്കുമ്പോൾ വേണ്ടത്ര സുരക്ഷ ഏർപ്പെടുത്തേണ്ടതും അത്യാവശ്യമാണ്. കുട്ടികൾ, പ്രായമായവർ, ഗർഭിണികൾ, രോഗികൾ, അംഗപരിമിതർ മുതലായവരുടെ കാര്യം കൂടെ പരിഗണിച്ചാവണം സുരക്ഷാ മുന്നൊരുക്കങ്ങൾ നടത്തേണ്ടത്.

പദ്ധതിയുടെ പ്രയോജനങ്ങളെപ്പറ്റി വ്യാപകമായ ബോധവത്ക്കരണം നടത്തുന്നതും നല്ലതാണ്. താത്ക്കാലികമായി ചില ബുദ്ധിമുട്ടുകൾ പ്രദേശ വാസികൾക്കും ഭൂവുടമകൾക്കും ഉണ്ടാകാമെങ്കിലും, ആത്യന്തികമായി ജനങ്ങൾക്ക് ഏറെ പ്രയോജനം ചെയ്യുന്ന പദ്ധതിയാണെന്ന് ബോധ്യപ്പെടുത്തേണ്ട ചുമതല അധികൃതർക്കുണ്ട്.

നഷ്ടപരിഹാരം നിശ്ചയിക്കുന്ന പ്രക്രിയയിൽ നിന്ന് ഇടനിലക്കാരെ ഒഴിവാക്കുകയും ഉടമസ്ഥർക്ക് പ്രത്യേകമായി ബോധവത്ക്കരണം നൽകുകയും ചെയ്യേണ്ടതുണ്ട്.

ഭൂമി വിട്ടു നൽകുന്നവർ രാഷ്ട്ര നിർമ്മാണ പ്രക്രിയയിൽ പങ്കെടുക്കുന്നവരാണെന്ന തിരിച്ചറിവിൽ, അവരെ പ്രത്യേകം (പ്രത്യേകിച്ച് ഉദ്ഘാടന വേളയിൽ) ആദരിക്കുന്നതും നല്ലതാണ്.

1.7. സാമൂഹ്യ ആഘാത പഠന റിപ്പോർട്ടിന്റെ ഉള്ളടക്കം

1. പഠന സംഗ്രഹം
2. പദ്ധതി വിശദ വിവരങ്ങൾ
3. പഠന രീതി
4. ഭൂമിയുടെ മൂല്യ നിർണ്ണയം
5. ബാധിതരായ കുടുംബങ്ങളുടേയും അവരുടെ സ്ഥാവര ജംഗമ സ്വത്തുക്കളുടേയും വിവരങ്ങൾ
6. സാമൂഹിക, സാമ്പത്തിക, സാംസ്ക്കാരിക സാഹചര്യങ്ങൾ
7. സാമൂഹ്യ ആഘാതങ്ങൾ
8. ഗുണദോഷ വിശകലനം
9. സാമൂഹ്യ പ്രത്യാഘാത മാനേജ്മെന്റ് പ്ലാൻ
10. പ്രധാന കണ്ടെത്തലുകളും ശുപാർശകളും.

1.8. ഉപസംഹാരം

കല്ലടിമുഖം പാലം, അനുബന്ധ റോഡുകൾ എന്നിവ നിർമ്മിക്കുന്ന പദ്ധതിക്കു വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനായി സാമൂഹ്യ ആഘാത പഠനം നടത്തിയതിന്റെ പ്രക്രിയ, രീതിശാസ്ത്രം, കണ്ടെത്തലുകൾ, ശുപാർശകൾ, പ്രത്യാഘാതങ്ങൾ ലഘൂകരിക്കാനുള്ള മാർഗ്ഗങ്ങൾ മുതലായ കാര്യങ്ങൾ റിപ്പോർട്ടിൽ വിശദമായി വിവരിച്ചിട്ടുണ്ട്. ഒറ്റ നോട്ടത്തിൽ ഇക്കാര്യങ്ങൾ മനസ്സിലാക്കുന്നതിനായി പഠന സംഗ്രഹം അവതരിപ്പിക്കുകയാണ് ഈ അദ്ധ്യായത്തിൽ ചെയ്തിരിക്കുന്നത്.

****

അദ്ധ്യായം രണ്ട്

പദ്ധതിയുടെ വിശദ വിവരങ്ങൾ

(Detailed Project Description)

2.1. ആമുഖം

തിരുവനന്തപുരം ജില്ലയിൽ, തിരുവനന്തപുരം താലൂക്കിൽ, മണക്കാട് വില്ലേജിൽ കിള്ളിയാറിനു കുറുകെ കല്ലടിമുഖം പാലവും അനുബന്ധ റോഡുകളും നിർമ്മിക്കുന്ന പദ്ധതിയെ സംബന്ധിക്കുന്ന വിശദവിവരങ്ങളാണ് ഈ അദ്ധ്യായത്തിൽ നൽകുന്നത്.

2.2. പദ്ധതിയുടെ പശ്ചാത്തലം, ന്യായീകരണം, ലക്ഷ്യം

കല്ലടിമുഖം പാലം നിർമ്മിക്കാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന സ്ഥലത്ത് നിലവിൽ, ഇരുചക്ര വാഹനങ്ങളും മുച്ചക്ര വാഹനങ്ങളും ചെറിയ കാറുകളും കടന്നു പോകാൻ കഴിയുന്ന ഒരു മെറ്റൽ (ഉരുക്ക്) പാലമാണുള്ളത്. വലിയ കാറുകൾക്കോ ലോറികൾക്കോ മറ്റ് വലിയ വാഹനങ്ങൾക്കോ ഈ പാലത്തിലൂടെ കടന്നു പോകാനാവില്ല. പ്രസ്തുത പാലത്തിന്റെ കിഴക്കു വശത്തും പടിഞ്ഞാറ് വശത്തും ടാറിട്ട റോഡുകൾ വന്നു നിൽക്കുന്നു.

കല്ലടിമുഖം – കാലടി സൗത്ത് റോഡിലാണ് പാലവും അപ്രോച്ച് റോഡുകളും പണിയാനുള്ള സ്ഥലം. ഈ റോഡുകൾക്ക് ഇരുവശവും ധാരാളം വീടുകളും ചെറു കച്ചവട സ്ഥാപനങ്ങളും കാണുന്നു. (A1: Alignment Sketch). ധാരാളം ആളുകൾ – കൂലിവേലക്കാർ, സർക്കാർ ജീവനക്കാർ, സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർ, നെഴ്സറി ക്ലാസ്സുകളിൽ പഠിക്കുന്നവർ മുതൽ ഉന്നത വിദ്യാഭ്യാസം നടത്തുന്നവർ വരെയുള്ള വിദ്യാർത്ഥികൾ, കച്ചവടക്കാർ, വയോജനങ്ങൾ, വീട്ടമ്മമാർ, ദിവ്യാംഗ്ജനങ്ങൾ തുടങ്ങി ഈ പ്രദേശത്ത് കഴിയുന്നവരും പുറമെ നിന്ന് വന്നു പോകുന്നവരും ഉൾപ്പെടെ പലവിധ അനുദിന ആവശ്യങ്ങൾക്കായി പല പ്രാവശ്യം മറ്റു സ്ഥലങ്ങളിലേക്ക് പോകുകയും മടങ്ങി വരികയും ചെയ്യുന്നവരാണ്. പാവപ്പെട്ടവരും സാധാരണക്കാരുമായ കുടുംബങ്ങളാണ് ഭൂരിഭാഗവും ഇവിടെ കഴിയുന്നത്. നിലവിലെ ഉരുക്കു പാലം അപകടാവസ്ഥ

യിലാണ് എന്ന് അർത്ഥനാധികാരി വിലയിരുത്തിയിട്ടുണ്ട്. (A2: Letter of Requisition Authority.)

വലിയ കാറുകളും ലോറികളും ഉൾപ്പെടെ വലിയ വാഹനങ്ങൾക്ക് കടന്നു പോകാൻ സാധിക്കാത്തതിനാൽ, തദ്ദേശ വാസികൾക്ക് നിർമ്മാണ പ്രവർത്തനങ്ങൾക്ക് സാമഗ്രികൾ ലോറികളിൽ കൊണ്ടുവരുന്നതിനോ, ആംബുലൻസ് മുതലായ വാഹനങ്ങൾക്ക് കടന്നുപോകുന്നതിനോ സാധിക്കുന്നില്ല.

ദൂരം കൂടുതലുള്ള മറ്റ് വഴികൾ ഉപയോഗിക്കേണ്ടി വരുമ്പോൾ, കൂടുതൽ സമയവും പണവും ചെലവഴിക്കേണ്ടിവരുന്നു.

ശിശുക്കൾ, വയോജനങ്ങൾ, രോഗികൾ, ഗർഭിണികൾ മുതലായ അവശരായവരെ ആശുപത്രികളിലും മറ്റും കൊണ്ടുപോകാൻ ബുദ്ധിമുട്ട് അനുഭവപ്പെടുകയും ചെയ്യുന്നു.

തലസ്ഥാന ജില്ലയിലെ നഗരസഭയിൽ ഉൾപ്പെടുന്ന കല്ലടിമുഖം, സൗത്ത് കാലടി, മണക്കാട് എന്നീ പ്രദേശങ്ങളിലെ പുരോഗമനോന്മുഖമായ വികസന സാദ്ധ്യതകളെ, നല്ല ഒരു പാലത്തിന്റെ അഭാവം വല്ലാതെ ബാധിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിലാണ് കല്ലടിമുഖം പാലം നിർമ്മാണ പദ്ധതി രൂപം കൊള്ളുന്നത്. 2014–ന് മുമ്പ് തന്നെ പ്രസ്തുത ആശയവും പദ്ധതിയും സർക്കാർ തലത്തിൽ ജീവൻ വച്ചുവെങ്കിലും, പലവിധ തടസ്സങ്ങളും പ്രശ്നങ്ങളും ഉണ്ടായതിനാലാണ്, ആദ്യത്തെ പദ്ധതിയിൽ സാരമായ വ്യതിയാനങ്ങൾ വരുത്തി, ഏറ്റെടുക്കാനുള്ള സ്ഥലവിസ്തൃതി കുറച്ച്, ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള അലൈൻമെന്റ് അടിസ്ഥാനമാക്കി പാലം നിർമ്മാണ പദ്ധതി പുനരുജ്ജീവിപ്പിച്ച് പൂർത്തിയാക്കാൻ ശ്രമിക്കുന്നത്.

67 സർവ്വേ നമ്പറുകളിൽ നിന്ന് 44 സർവ്വേ നമ്പറുകളായി ഏറ്റെടുക്കേണ്ട ഭൂവിസ്തൃതി കുറച്ചിട്ടുണ്ട്. കേരള സർക്കാറിന്റെ (റവന്യൂ സർവ്വേ – രജിസ്ട്രേഷൻ വകുപ്പുകൾ) ഇ-മാപ്പിലെ വിവരങ്ങളും, അർത്ഥനാധികാരിയുടെ കത്തിലെ വിവരങ്ങളും അനുസരിച്ച്, 44 സർവ്വേ നമ്പറുകളിൽ 33 സർവ്വേ നമ്പറുകൾക്ക് പട്ടയം ഉള്ളതായി കാണുന്നു. 9 എണ്ണം പുറമ്പോക്കുകളാണ്. രണ്ട് റോഡ് പുറമ്പോക്കുകളും ഉൾപ്പെടുന്നു.

എന്നാൽ, 2014–ന് ശേഷം പട്ടയം ലഭിച്ച ഭൂമിയുൾപ്പെടെ ആകെ 33 വസ്തുക്കൾ ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. മറ്റുള്ളവ പുറമ്പോക്കു കളായതിനാൽ ഏറ്റടുക്കൽ നടപടികളിൽ നിന്ന് ഒഴിവാകും(A2).

കല്ലടിമുഖം പാലം പൂർത്തിയാകുമ്പോൾ, ദീർഘകാലാടിസ്ഥാനത്തിൽ, വിപുലമായ വികസന പ്രവർത്തനങ്ങൾ ആരംഭിക്കാനും, അതുവഴി ജനജീവിതത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കാനും ഇടവരും. കൂടുതൽ കച്ചവട സ്ഥാപനങ്ങൾ, പരിശീലന – വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തൊഴിൽ സ്ഥാപനങ്ങൾ മുതലായവ പ്രവർത്തിച്ചു തുടങ്ങും.

ഹ്രസ്വകാല പ്രവർത്തനങ്ങൾക്ക് സത്വരമായ ചടുലത കൈവരുകയും ചെയ്യും. സഞ്ചാര സ്വാതന്ത്ര്യം വർദ്ധിക്കും. കുട്ടികൾക്ക് വിദ്യാലയങ്ങളിൽ പോകാനും വയോജനങ്ങൾക്കും രോഗികൾക്കും ഗർഭിണികൾക്കും ആതുരാലയങ്ങളിൽ ബുദ്ധിമുട്ടില്ലാതെ പോയിവരാനും വഴി തുറക്കും. സർക്കാർ, സ്വകാര്യ ബസ്സുകൾ, ടാക്സി കാറുകൾ, സ്വകാര്യ വാഹനങ്ങൾ എന്നിവയ്ക്ക് കടന്നുപോകാൻ കഴിയുമ്പോൾ, അതുമൂലം പൊതുജനങ്ങൾക്ക് വളരെയേറെ പ്രയോജനങ്ങൾ ലഭ്യമാകുകയാണ് ചെയ്യുക. അപ്രകാരം കല്ലടിമുഖം പാലം നിർമ്മാണ പദ്ധതിയുടെ ലക്ഷ്യങ്ങൾ (Specific Objectives) ചുരുക്കത്തിൽ ചുവടെ ചേർക്കുന്നു.

1. കല്ലടിമുഖം – സൗത്ത് കാലടി റോഡിൽ കിള്ളിയാറിന് കുറുകെ പുതിയ പാലം നിർമ്മിക്കുക.
2. ഇരുവശങ്ങളിലുമായി, തെക്കു കിഴക്കായി, പാലത്തിന് അപ്രോച്ച് റോഡുകൾ നിർമ്മിക്കുക.

2.3. പദ്ധതി പ്രദേശവും ഭൂവിസ്തൃതിയും

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ മണക്കാട് വില്ലേജിൽ, കല്ലടിമുഖം – സൗത്ത് കാലടി റോഡിൽ, കിള്ളിയാറിന് കുറുകെയാണ് കല്ലടിമുഖം പാലം നിർമ്മിക്കുന്നത്. പാലത്തെ നിലവിലെ റോഡുകളുമായി ബന്ധിപ്പിക്കുന്നതിന് സഹായിക്കുന്ന അപ്രോച്ച് റോഡുകളും പ്രസ്തുത പദ്ധതിയുടെ ഭാഗമാണ്.

2024 ജനുവരി 16–ലെ 156–ാം നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപന പ്രകാരം 67 സർവ്വേ നമ്പറുകളിലായി 49 പുരയിടങ്ങളും 16 പുറമ്പോക്ക് ഭൂമിയും 2 നിലങ്ങളുമാണ് ഏറ്റെടുക്കേണ്ടതായി ഉണ്ടായിരുന്നത്. എന്നാൽ,

ഫോറം 2–ലെ അർദ്ധനാധികാരിയുടെ നിർദ്ദേശം അനുസരിച്ച് 33 സർവ്വേ നമ്പരുകളിലായി 31 പേർ കൈവശം വച്ചിരിക്കുന്നതോ പുറമ്പോക്കായി നിലനിൽക്കുന്നതോ ആയ 29.65 സെന്റ് സ്ഥലമാണ് പദ്ധതിക്കു വേണ്ടി ഏറ്റെടുക്കേണ്ടത്. 67 സർവ്വേ നമ്പരുകളിലെ സ്ഥലത്തിന്റെ ഉടമസ്ഥരിൽ ഉൾപ്പെട്ട 44 സർവ്വേ നമ്പറുകളിലൊഴികെ മറ്റുള്ളവയുമായി ബന്ധപ്പെട്ട് ഒന്നല്ലെങ്കിൽ മറ്റൊരു തടസ്സം ഉണ്ടായിരുന്നതിനാലാണ്, അമിതമായ കാലതാമസം ഒഴിവാക്കാനായി തടസ്സങ്ങളില്ലാത്തവരുടെ ഉടമസ്ഥതയിലുള്ള ഭൂമി മാത്രം ഏറ്റെടുത്ത് പദ്ധതി ധ്രുതഗതിയിൽ പൂർത്തിയാക്കാൻ തീരുമാനമായത് എന്ന് ഉദ്യോഗസ്ഥരുമായി നടന്ന ചർച്ചകളിലൂടെ മനസ്സിലായിട്ടുണ്ട്.

പദ്ധതിക്കായി ഏറ്റെടുക്കുന്ന വസ്തുതകളുടെ വിവരങ്ങൾ ചുവടെ Table No.2.1-ൽ ചേർക്കുന്നു.

Table No.2.1. ഏറ്റെടുക്കുന്ന വസ്തുതകളുടെ വിവരങ്ങൾ

ജില്ല	തിരുവനന്തപുരം
താലൂക്ക്	തിരുവനന്തപുരം
വില്ലേജ്	മണക്കാട്
ബ്ലോക്ക്	5
റീസർവ്വെ നമ്പർ	Grid no. C43W15E05-26 42(1), 47, 48, 49, 52, 53, 54, 56, 58, 59, 69, 69(1), 70, 91 Grid no. C43W15E05-32 7, 8, 9, 10, 11, 13, 27, 27(1), 28, 28(1), 29, 29(1), 30, 31, 33, 34, 35, 45, 54, 55, 56, 57, 58, 67, 68, 69, 70, 73, 75, 75(1)
വിസ്തീർണ്ണം	12 ആർ
വസ്തുവിന്റെ തരം	പുരയിടം (11 റീസർവ്വെ നമ്പറുകൾ) പുറമ്പോക്ക് (33 റീസർവ്വെ നമ്പറുകൾ)

2.4. നിർദ്ദിഷ്ഠ ഭൂമിയുടെ അതിരുകൾ

44 സർവ്വേ നമ്പറുകളിലുള്ള വസ്തുക്കൾ ഒന്നിനോടൊന്നു് ചേർന്ന് പാലത്തിലേക്കെത്തുന്ന റോഡുകളുടെ ഇരുവശങ്ങളിലുമായി സ്ഥിതി ചെയ്യുന്നു. ഏറ്റെടുക്കുന്ന പട്ടയ ഭൂമിയുടെ അതിരുകൾ അടയാളപ്പെടുത്തിയ ആധാരങ്ങളിൽ നിന്ന് ലഭിച്ച വിവരങ്ങളും പുറമ്പോക്കുകളിൽ നേരിട്ട് പോയി മനസ്സിലാക്കിയ വിവരങ്ങളും E-Maps–ലെ ഉള്ളടക്കങ്ങളും പരിശോധിച്ച് തയ്യാറാക്കിയ പട്ടിക ചുവടെ ചേർക്കുന്നു.

Table No.2.2.: അതിരുകൾ

ക്രമ നം.	സർവ്വേ നമ്പർ	തെക്ക്	വടക്ക്	കിഴക്ക്	പടിഞ്ഞാറ്
Grid No. C43W15E05-26					
1	42(1)	പുരയിടം [സർവ്വേ നമ്പർ: 42]	കാലടി സൗത്ത് റോഡ്	കിള്ളിയാർ	പുറമ്പോക്ക് [സർവ്വേ നമ്പർ: 47] പുരയിടം [സർവ്വേ നമ്പർ: 46]
2	47	പുരയിടം [സർവ്വേ നമ്പർ: 46]	കാലടി സൗത്ത് റോഡ്	പുറമ്പോക്ക് [സർവ്വേ നമ്പർ: 42(1)]	പുരയിടം [സർവ്വേ നമ്പർ: 48]
3	48	പുരയിടം [സർവ്വേ നമ്പർ: 46]	കാലടി സൗത്ത് റോഡ്	പുരയിടം [സർവ്വേ നമ്പർ: 47]	പുരയിടം [സർവ്വേ നമ്പർ: 45, 50]
4	49	പുരയിടം [സർവ്വേ നമ്പർ: 48]	കാലടി സൗത്ത് റോഡ്	പുരയിടം [സർവ്വേ നമ്പർ: 48]	പുരയിടം [സർവ്വേ നമ്പർ: 51, 52]
5	52	പുരയിടം [സർവ്വേ നമ്പർ: 51]	കാലടി സൗത്ത് റോഡ്	പുരയിടം [സർവ്വേ നമ്പർ: 49]	പുരയിടം [സർവ്വേ നമ്പർ: 53]
6	53	പുരയിടം [സർവ്വേ നമ്പർ: 51]	കാലടി സൗത്ത് റോഡ്	പുരയിടം [സർവ്വേ നമ്പർ: 52]	പുരയിടം [സർവ്വേ നമ്പർ: 54]
7	54	പുരയിടം [സർവ്വേ നമ്പർ: 51]	കാലടി സൗത്ത് റോഡ്	പുരയിടം [സർവ്വേ നമ്പർ: 53]	പുരയിടം [സർവ്വേ നമ്പർ: 55, 56]
8	56	പുരയിടം [സർവ്വേ നമ്പർ: 55]	കാലടി സൗത്ത് റോഡ്	പുരയിടം [സർവ്വേ നമ്പർ: 54]	ആറ്റുകാൽ അമ്പലത്തറ റോഡ്
9	58	കാലടി സൗത്ത് റോഡ്	പുരയിടം [സർവ്വേ നമ്പർ: 61, 60] പൊതു വഴി	പൊതു വഴി പുരയിടം [സർവ്വേ നമ്പർ: 91]	പുറമ്പോക്ക്: 69(1)
10	59	കാലടി സൗത്ത് റോഡിൽ നിന്ന് 58, 60, 61, 62, 63, 64, 65, 91 എന്നീ സർവേ നമ്പറുകളുള്ള ഭൂമിയുമായി ബന്ധിപ്പിക്കുന്ന പൊതുവഴി			
11	69	കാലടി സൗത്ത് റോഡ് പുറമ്പോക്ക് [സർവ്വേ നമ്പർ: 69(1)]	പുരയിടം [സർവ്വേ നമ്പർ: 61, 62, 65]	പുരയിടം [സർവ്വേ നമ്പർ: 67, 68]	ആറ്റുകാൽ അമ്പലത്തറ റോഡ് പുരയിടം [സർവ്വേ നമ്പർ: 70, 71, 72, 73]
12	69(1)	കാലടി സൗത്ത് റോഡ്	പുരയിടം [സർവ്വേ നമ്പർ: 61]	പുരയിടം [സർവ്വേ നമ്പർ: 58, 61]	കുളം [സർവ്വേ നമ്പർ: 69]
13	70	കാലടി സൗത്ത് റോഡ്	പുരയിടം [സർവ്വേ നമ്പർ: 71]	കുളം [സർവ്വേ നമ്പർ: 69]	ആറ്റുകാൽ അമ്പലത്തറ റോഡ്

14	91	കാലടി സൗത്ത് റോഡ്	പുരയിടം [സർവ്വേ നമ്പർ: 60]	കിള്ളിയാർ	പൊതു വഴി പുരയിടം [സർവ്വേ നമ്പർ: 58]
Grid No. C43W15E05-32					
15	7	കിള്ളിയാർ	പുരയിടം [സർവ്വേ നമ്പർ: 54]	പുരയിടം [സർവ്വേ നമ്പർ: 8]	കിള്ളിയാർ
16	8	കിള്ളിയാർ	പുരയിടം [സർവ്വേ നമ്പർ: 55]	പുരയിടം [സർവ്വേ നമ്പർ: 9]	പുരയിടം [സർവ്വേ നമ്പർ: 7]
17	9	കിള്ളിയാർ	പുരയിടം [സർവ്വേ നമ്പർ: 56]	പുരയിടം [സർവ്വേ നമ്പർ: 10]	പുരയിടം [സർവ്വേ നമ്പർ: 8]
18	10	പുരയിടം [സർവ്വേ നമ്പർ: 11]	പുരയിടം [സർവ്വേ നമ്പർ: 57]	പുരയിടം [സർവ്വേ നമ്പർ: 11]	പുരയിടം [സർവ്വേ നമ്പർ: 9]
19	11	പുരയിടം [സർവ്വേ നമ്പർ: 12]	പുരയിടം [സർവ്വേ നമ്പർ: 58]	തോപ്പുവിലകം റോഡ്	പുരയിടം [സർവ്വേ നമ്പർ: 10]
20	13	തോപ്പുവിലകം റോഡ്			
21	27	പുറമ്പോക്ക് [സർവ്വേ നമ്പർ: 27(1)] കാലടി സൗത്ത് റോഡ്	പുരയിടം [സർവ്വേ നമ്പർ: 28]	പുരയിടം [സർവ്വേ നമ്പർ: 28]	കിള്ളിയാർ
22	27(1)	കാലടി സൗത്ത് റോഡ്	പുരയിടം [സർവ്വേ നമ്പർ: 27]	പുറമ്പോക്ക് [സർവ്വേ നമ്പർ: 28(1)]	കിള്ളിയാർ
23	28	പുറമ്പോക്ക് [സർവ്വേ നമ്പർ: 28(1)] കാലടി സൗത്ത് റോഡ്	പുരയിടം [സർവ്വേ നമ്പർ: 39]	പുരയിടം [സർവ്വേ നമ്പർ: 29, 32]	കിള്ളിയാർ പുരയിടം [സർവ്വേ നമ്പർ: 27]
24	28(1)	കാലടി സൗത്ത് റോഡ്	പുരയിടം [സർവ്വേ നമ്പർ: 28]	പുറമ്പോക്ക് [സർവ്വേ നമ്പർ: 28(1)]	പുറമ്പോക്ക് [സർവ്വേ നമ്പർ: 27(1)] കാലടി സൗത്ത് റോഡ്
25	29	പുറമ്പോക്ക് [സർവ്വേ നമ്പർ: 29(1) കാലടി സൗത്ത് റോഡ്	പുരയിടം [സർവ്വേ നമ്പർ: 32]	പുരയിടം [സർവ്വേ നമ്പർ: 30, 75]	പുരയിടം [സർവ്വേ നമ്പർ: 28]

26	29(1)	കാലടി സൗത്ത് റോഡ്	പുരയിടം [സർവ്വേ നമ്പർ: 29]	പുറമ്പോക്ക് [സർവ്വേ നമ്പർ: 75(1)]	പുറമ്പോക്ക് [സർവ്വേ നമ്പർ: 28(1)] കാലടി സൗത്ത് റോഡ്
27	30	പുരയിടം [സർവ്വേ നമ്പർ: 31, 75]	പുരയിടം [സർവ്വേ നമ്പർ: 32]	പുരയിടം [സർവ്വേ നമ്പർ: 33]	പുരയിടം [സർവ്വേ നമ്പർ: 32]
28	31	പുരയിടം [സർവ്വേ നമ്പർ: 67]	പുരയിടം [സർവ്വേ നമ്പർ: 30]	പുരയിടം [സർവ്വേ നമ്പർ: 33]	പുരയിടം [സർവ്വേ നമ്പർ: 30]
29	33	പുരയിടം [സർവ്വേ നമ്പർ: 68]	പുരയിടം [സർവ്വേ നമ്പർ: 39]	പുരയിടം [സർവ്വേ നമ്പർ: 34]	പുരയിടം [സർവ്വേ നമ്പർ: 30, 31, 32]
30	34	പുരയിടം [സർവ്വേ നമ്പർ: 69]	പുരയിടം [സർവ്വേ നമ്പർ: 39]	പുരയിടം [സർവ്വേ നമ്പർ: 35, 36]	പുരയിടം [സർവ്വേ നമ്പർ: 33]
31	35	പുരയിടം [സർവ്വേ നമ്പർ: 70]	പുരയിടം [സർവ്വേ നമ്പർ: 36]	പുരയിടം [സർവ്വേ നമ്പർ: 66]	പുരയിടം [സർവ്വേ നമ്പർ: 34]
32	45	തോപ്പുവിലകം റോഡ്			
33	54	പുരയിടം [സർവ്വേ നമ്പർ: 7]	കാലടി സൗത്ത് റോഡ്	പുരയിടം [സർവ്വേ നമ്പർ: 55]	കിള്ളിയാർ
34	55	പുരയിടം [സർവ്വേ നമ്പർ: 8]	കാലടി സൗത്ത് റോഡ്	പുരയിടം [സർവ്വേ നമ്പർ: 56]	പുരയിടം [സർവ്വേ നമ്പർ: 54]
35	56	പുരയിടം [സർവ്വേ നമ്പർ: 9]	കാലടി സൗത്ത് റോഡ്	പുരയിടം [സർവ്വേ നമ്പർ: 57]	പുരയിടം [സർവ്വേ നമ്പർ: 55]
36	57	പുരയിടം [സർവ്വേ നമ്പർ: 10]	കാലടി സൗത്ത് റോഡ്	പുരയിടം [സർവ്വേ നമ്പർ: 58]	പുരയിടം [സർവ്വേ നമ്പർ: 56]
37	58	പുരയിടം [സർവ്വേ നമ്പർ: 11]	കാലടി സൗത്ത് റോഡ്	തോപ്പുവിലകം റോഡ്	പുരയിടം [സർവ്വേ നമ്പർ: 57]
38	67	കാലടി സൗത്ത് റോഡ്	പുരയിടം [സർവ്വേ നമ്പർ: 31]	പുരയിടം [സർവ്വേ നമ്പർ: 68]	പുരയിടം [സർവ്വേ നമ്പർ: 75, 75(1)]
39	68	കാലടി സൗത്ത് റോഡ്	പുരയിടം [സർവ്വേ നമ്പർ: 33]	പുരയിടം [സർവ്വേ നമ്പർ: 69]	പുരയിടം [സർവ്വേ നമ്പർ: 67]
40	69	കാലടി സൗത്ത് റോഡ്	പുരയിടം [സർവ്വേ നമ്പർ: 34]	പുരയിടം [സർവ്വേ നമ്പർ: 70]	പുരയിടം [സർവ്വേ നമ്പർ: 68]
41	70	കാലടി സൗത്ത് റോഡ്	പുരയിടം [സർവ്വേ നമ്പർ: 35]	പുരയിടം [സർവ്വേ നമ്പർ: 71]	പുരയിടം [സർവ്വേ നമ്പർ: 69]
42	71	കാലടി സൗത്ത് റോഡ്	പുരയിടം [സർവ്വേ നമ്പർ: 66]	തോപ്പുവിലകം റോഡ്	പുരയിടം [സർവ്വേ നമ്പർ: 70]

43	75	പുറമ്പോക്ക് [സർവ്വേ നമ്പർ: 75(1)]	പുരയിടം [സർവ്വേ നമ്പർ: 30]	പുരയിടം [സർവ്വേ നമ്പർ: 67]	പുരയിടം [സർവ്വേ നമ്പർ: 32]
44	75(1)	കാലടി സൗത്ത് റോഡ്	പുരയിടം [സർവ്വേ നമ്പർ: 75]	പുരയിടം [സർവ്വേ നമ്പർ: 67]	പുറമ്പോക്ക് [സർവ്വേ നമ്പർ: 29(1)]

ആറ്റുകാൽ – അമ്പലത്തറ റോഡിൽ നിന്ന് തുടങ്ങുന്ന കല്ലടിമുഖം – സൗത്ത് കാലടി റോഡിൽ കിള്ളിയാറിന് കുറുകെയാണ് നിർദ്ദിഷ്ഠ പാലം പണിയേണ്ടത്. കല്ലടിമുഖം – സൗത്ത് കാലടി റോഡിന്റെ ഇടതു വശത്തും വലതു വശത്തും (വടക്കു വശത്തും തെക്കു വശത്തും) ആയിട്ടാണ് ഏറ്റെടുക്കുന്ന വസ്തുക്കൾ സ്ഥിതി ചെയ്യുന്നത്. റോഡിന്റെ ഇടതുവശത്തുള്ള വസ്തുക്കളുടെ തെക്കുവശത്തു കൂടെയും വലതുവശത്തുള്ള വസ്തുക്കളുടെ വടക്കു വശത്തുകൂടെയും ആണ് കല്ലടിമുഖം – കാലടി സൗത്ത് റോഡ് കടന്നു പോകുന്നത്. തെക്കും പടിഞ്ഞാറും അതിരുകളിൽ മറ്റ് കുടുംബങ്ങൾ അവരവരുടെ സ്ഥലത്ത്/വീട്ടിൽ താമസിക്കുന്നു.

നിലവിലെ പാലത്തിന് കിഴക്കുവശത്തെ റോഡിൽ, ജംഗ്ഷനിൽ, പരേതനായ ശ്രീ. കൃഷ്ണന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തിൽ വിനായക കലാകായിക സംഘം പ്രവർത്തിക്കുന്നതായി അതിന്റെ പ്രവർത്തകർ അറിയിച്ചു. ഈ സംഘടന ദീർഘകാലമായി ഇവിടെ പ്രവർത്തിക്കുന്നതായും ഈ സ്ഥലത്തിന്റെ ഉടമ പരേതനായ ശ്രീ. കൃഷ്ണനാണെന്നും അദ്ദേഹം ജീവിച്ചിരുന്നപ്പോൾ അദ്ദേഹത്തിന്റെ പൂർണ്ണ സമ്മതത്തോടെയും അനുവാദത്തോടെയുമാണ് പ്രസ്തുത സ്ഥലം സംഘടനയുടെ ഓഫീസായി പ്രവർത്തിച്ചു വന്നതെന്നും പ്രസ്തുത സംഘടനയുടെ പ്രവർത്തകർ അറിയിച്ചിട്ടുണ്ട്. നാട്ടിൽ വികസനം ഉണ്ടാകുന്നതിനോട് പൂർണ്ണമായി യോജിക്കുന്നുണ്ടെന്നും കല്ലടിമുഖം പാലം പ്രദേശത്തിന്റെ അനിവാര്യ തയാണെന്നും അവർ പറഞ്ഞു. എന്നാൽ, സംഘടന ദീർഘ കാലമായി ഉപയോഗിച്ചു വരുന്ന ഓഫീസ് അവിടെ നിന്ന് മാറ്റേണ്ട സാഹചര്യമുണ്ടെങ്കിൽ, പകരം ഉചിതമായ മറ്റൊരു സ്ഥലം സർക്കാർ അനുവദിച്ചു തരേണ്ടതാണെന്നും പ്രവർത്തകർ അറിയിച്ചു.

2.5. ബദൽ മാർഗ്ഗങ്ങൾ

നേരിട്ടുള്ള നിരീക്ഷണങ്ങളിലൂടെയും ഏറ്റെടുക്കാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ഭൂമിയുടെ ഉടമസ്ഥരോടും പൊതുജനങ്ങളോടും കല്ലടിമുഖം

പാലത്തിനു പകരം മറ്റെന്തെങ്കിലും മാർഗ്ഗങ്ങളുണ്ടോ എന്ന് അന്വേഷിച്ചപ്പോൾ ലഭിച്ച പ്രതികരണങ്ങളിലൂടെയും മനസ്സിലാക്കാൻ കഴിഞ്ഞത്, കല്ലടിമുഖം പാലം നിർമ്മിക്കാൻ ഏറ്റവും അനുയോജ്യമായ സ്ഥലം നിർദ്ദിഷ്ഠ പ്രദേശമാണെന്നും മറ്റ് ബദലുകൾ പ്രായോഗികമല്ല എന്നുമാണ്.

2.6. നിർമ്മാണ ഘട്ടങ്ങൾ

ഭൂമി ഏറ്റെടുത്തു കഴിഞ്ഞാൽ, പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാവുന്നതാണ്. പാലം പണി പൂർത്തിയായാൽ ഉടൻ, അപ്രോച്ചു റോഡുകളുടെ പണി ഒരേസമയം നടത്താവുന്നതാണ്. അങ്ങനെ നോക്കിയാൽ, രണ്ട് ഘട്ടങ്ങളിലായി പദ്ധതിയുടെ മുഴുവൻ പ്രവർത്തനങ്ങളും പൂർത്തിയാക്കാവുന്നതാണ്.

പദ്ധതി പൂർത്തിയാക്കുന്നതിനാവശ്യമായ നിർമ്മാണ സാമഗ്രികൾ, വിദഗ്ദ്ധ തൊഴിലാളികൾ, അവിദഗ്ദ്ധ തൊഴിലാളികൾ, എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ എന്നിവരെ കണ്ടെത്താൻ കാര്യമായ ബുദ്ധിമുട്ടുകൾ നിലവിൽ ഇല്ല. സ്വദേശി പണിക്കാരും അന്യ സംസ്ഥാന തൊഴിലാളികളും ധാരാളമുള്ള സ്ഥലമായതിനാൽ, തൊഴിൽ ലഭ്യതയും ഉറപ്പാണ്.

2.7. അനുബന്ധ ഭൗതിക സാഹചര്യങ്ങൾ

നിർദ്ദിഷ്ഠ പദ്ധതി പൂർത്തീകരിക്കുന്നതിനാവശ്യമായ ധാരാളം അനുകൂല സാഹചര്യങ്ങൾ നിലവിലുണ്ട്. പാലത്തിന്റെയും അപ്രോച്ച് റോഡുകളുടേയും നിർമ്മാണത്തിനാവശ്യമായ വസ്തുക്കൾ കൊണ്ടു വരുന്നതിന് ഇരുവശത്തു നിന്നുമുള്ള റോഡുകൾ, ആവശ്യത്തിന് വീതിയും ബലവുമുള്ളതായി കാണാം. ഇരുവശങ്ങളിലെയും അപ്രോച്ചു റോഡുകൾ പൂർത്തിയാകുമ്പോൾ, പടിഞ്ഞാറ് കഴക്കൂട്ടം – കാരോട് ബൈപ്പാസിലേക്കും തിരുവനന്തപുരം – നെയ്യാറ്റിൻകര ഹൈവേയിലേക്കും കൂടുതൽ എളുപ്പത്തിൽ എത്തിച്ചേരാൻ കഴിയുമെന്നതാണ് വലിയ ആകർഷണം.

2.8. മുമ്പ് നടത്തിയ സാമൂഹ്യ ആഘാത പഠനങ്ങൾ

കല്ലടിമുഖം പാലം നിർമ്മാണ പദ്ധതിക്ക് സ്ഥലം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി സാമൂഹ്യ ആഘാത പഠനം ആദ്യമായി നടത്തുന്നത് ഇപ്പോഴാണ്. ഇതിനു മുമ്പ് ഈ പഠനം നടത്തിയിട്ടുള്ളതായി അറിവില്ല.

2.9. പദ്ധതിയുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും.

സംസ്ഥാനത്ത് സർക്കാർ പദ്ധതികൾ നടപ്പാക്കുമ്പോൾ, രാജ്യത്ത് നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പാലിച്ച് മാത്രമേ പ്രവർത്തിക്കാനാവൂ. അപ്രകാരം, നിർദ്ദിഷ്ട പദ്ധതി നിർമ്മാണത്തിനും നിയമാനുസൃതമായ നടപടികൾ പാലിക്കേണ്ടതുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട വരെല്ലാം അവ കണക്കിലെടുക്കേണ്ടതുണ്ട്. പ്രധാന നിയമങ്ങളും ചട്ടങ്ങളും ചുവടെ ചേർക്കുന്നു.

1. Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013.
2. Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement (Social Impact Assessment and Consent) Rules, 2014.
3. Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement (Compensation, Rehabilitation, Resettlement and Development Plan) Rules, 2015.
4. Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act (Kerala) Rules, 2015.
5. Right to Fair Compensation, Rehabilitation and Resettlement (Removal of Difficulties) Order, 2015.
6. Government of Kerala – Revenue Department – State Policy for Compensation and Transparency in Land Acquisition, 2015.

പുതിയ പദ്ധതികൾ നടപ്പിലാക്കുമ്പോൾ, അവ മൂലം പദ്ധതി പ്രദേശത്തെ പരിസ്ഥിതി, ജനങ്ങളുടെ ജീവനോപാധി, പ്രകൃതി വിഭവങ്ങൾ, പൊതുജനാരോഗ്യം, ജനങ്ങളുടെ സുരക്ഷിതത്വം, സാമൂഹ്യ സാമ്പത്തിക മേഖലകളിലെ സുസ്ഥിര വികസന പ്രക്രിയ മുതലായവയെ പ്രതികൂലമായി ബാധിക്കില്ല എന്ന് ഉറപ്പു വരുത്താനാണ് പ്രസ്തുത നിയമങ്ങൾ നടപ്പിലാക്കുന്നത്. പ്രതികൂലമായി ബാധിക്കപ്പെടുന്ന ജനങ്ങളോ സാഹചര്യങ്ങളോ നിലനിൽക്കുന്നുവെന്ന് കണ്ടെത്തിയാൽ അവർക്കുണ്ടാകാനിടയുള്ള സർവ്വ വിധമായ കഷ്ടനഷ്ടങ്ങൾക്ക് സത്വരവും നിയമാനുസൃതവും നീതി പൂർവ്വകവുമായ പരിഹാര നടപടികളും നിയമങ്ങളുടെ പരിധിയിലും ഉള്ളടക്കങ്ങളിലുമുണ്ട്. സാമൂഹികാഘാത പഠനത്തിന്റെ പ്രസക്തിയും ലക്ഷ്യവും അവിടെയാണ് വ്യക്തമാകുന്നത്.

സ്ഥലമെടുക്കുന്നതുമായി ബന്ധപ്പെട്ട്, സമഗ്രമായ സമീപനമാണ് നിയമങ്ങളിൽ കാണുന്നത്. RFCTLARR Act, 2013-ൽ വകുപ്പ് 4(5) പ്രകാരം, സ്ഥലം ഏറ്റെടുക്കുമ്പോൾ ബാധിക്കപ്പെടുന്ന കുടുംബങ്ങളുടെ സുസ്ഥിരമായ ഉപജീവനം, അവരുടെയോ, സമൂഹത്തിന്റെയോ വസ്തു വകകൾ, ആസ്തികൾ, മറ്റ് നിർമ്മിതികളും നിർമ്മാണങ്ങളും, പ്രത്യേകിച്ച് റോഡുകൾ, പൊതുഗതാഗതം, ഡ്രൈനേജ്, ശുചിത്വ സംവിധാനങ്ങൾ, കുടിവെള്ള സ്രോതസ്സുകൾ, കന്നുകാലികൾക്ക് വേണ്ട ജല ലഭ്യത, സാമൂഹ്യ കുളങ്ങൾ, മേച്ചിൽ സ്ഥലങ്ങൾ, നാണ്യ വിളകൾ, പോസ്റ്റ് ഓഫീസുകൾ, ന്യായവില ഷോപ്പുകൾ, ഭക്ഷ്യ ധാന്യ സ്റ്റോറേജുകൾ, വൈദ്യുതി വിതരണം, ആരോഗ്യ പരിപാലന സംവിധാനങ്ങൾ, സ്കൂളുകൾ, വിദ്യാഭ്യാസ പരിശീലന സൗകര്യങ്ങൾ, അംഗനവാടികൾ, കുട്ടികളുടെ പാർക്കുകൾ, ആരാധനാ സ്ഥലങ്ങൾ, പരമ്പരാഗത ഗിരിവർഗ്ഗ സ്ഥാപനങ്ങൾക്കുള്ള സ്ഥലം, ശവസംസ്ക്കാര സ്ഥലങ്ങളും ക്രിമേഷൻ ഗ്രൗണ്ടുകളും മുതലായവയെ പ്രത്യേകിച്ച് ദോഷകരമായി ഏതെങ്കിലും തരത്തിൽ ബാധിച്ചാൽ, അതുകൊണ്ടുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിനു ശേഷം മാത്രമേ സ്ഥലം ഏറ്റെടുക്കാവൂ എന്ന് നിയമങ്ങളിൽ നിഷ്ക്കർഷിച്ചിട്ടുമുണ്ട്.

2.10. പ്രധാന മാനദണ്ഡങ്ങൾ

RFCTLARR Act, 2013 പ്രകാരം സ്ഥലം ഏറ്റെടുക്കുമ്പോൾ, അതിന് മേൽ നോട്ടവും നേതൃത്വവും നൽകേണ്ടത് ജില്ലാ കളക്ടറുടെ അധികാര പരിധിയിലുള്ള നിയമാനുസൃത സംവിധാനമാണ്. ജില്ലാ കളക്ടർ ഉൾപ്പെടുന്ന ഉദ്യോഗസ്ഥ സംവിധാനം സഗൗരവം പരിഗണിക്കേണ്ട മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

- ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വിസ്തൃതി
- വസ്തുവിന്റെ വിപണി വില
- വസ്തുവിലുള്ള സ്ഥാവര ജംഗമ സ്വത്തുക്കളുടെ വില
- ഭൂമി ഏറ്റെടുക്കുമ്പോൾ സംഭവിക്കുന്ന നഷ്ടസാദ്ധ്യതകൾ
- ഭൂമി ഏറ്റെടുക്കുമ്പോൾ അടുത്തുള്ള മറ്റ് സ്ഥലങ്ങൾക്ക് ഉണ്ടാകുന്ന നഷ്ട സാദ്ധ്യതകൾ

- ഭൂമി ഏറ്റെടുക്കുന്നതിലൂടെ താമസം മാറേണ്ടി വരുന്നതു മൂലമുള്ള പ്രത്യാഘാതങ്ങൾ.
- ബിസിനസ്സ് സ്ഥലം മാറേണ്ടിവരുന്നതിന്റെ പ്രത്യാഘാതം
- ഭൂമിയിൽ നിന്ന് കിട്ടിക്കൊണ്ടിരിക്കുന്ന ലാഭത്തിന്റെ കുറവ്

2.11. ഉപസംഹാരം

ഏറ്റെടുക്കാനുദ്ദേശിക്കുന്ന ഭൂമിയുടെ പ്രത്യേകതകൾ, സവിശേഷതകൾ, അവയിലുള്ള വൃക്ഷങ്ങളുടെ വിവരണം, അതിരുകൾ, പദ്ധതിയുടെ വിശദാംശങ്ങൾ, നിർമ്മാണ ഘട്ടങ്ങൾ, ഭൂമി ഏറ്റെടുക്കുമ്പോൾ ബാധകമാകുന്ന നിയമങ്ങൾ മുതലായവയും ഈ അദ്ധ്യായത്തിൽ പരാമർശിക്കുന്നുണ്ട്.

പഠനത്തിന്റെ രീതിശാസ്ത്രമാണ് അടുത്ത അദ്ധ്യായത്തിൽ കൊടുത്തിട്ടുള്ളത്. പഠനം നടത്തുന്ന ടീം, പഠനത്തിന്റെ സമീപനം, വിവരശേഖരണ മാർഗ്ഗങ്ങളും രീതികളും എന്നിവ വിശദമായി അവതരിപ്പിച്ചിട്ടുണ്ട്.

****

അദ്ധ്യായം മൂന്ന്

സാമൂഹ്യ ആഘാത പഠനത്തിന്റെ രീതിശാസ്ത്രം

(Methodology)

3.1. ആമുഖം

കല്ലടിമുഖം പാലം നിർമ്മാണത്തിനായി നടത്തിയ സാമൂഹ്യ ആഘാത പഠനത്തിനായി ആവലംബിച്ച ശാസ്ത്രീയ പഠന രീതികളാണ് ഈ അദ്ധ്യായത്തിൽ കൊടുത്തിട്ടുള്ളത്.

3.2. സാമൂഹിക പഠനം നടത്തിയ ഏജൻസി

നിർദ്ദിഷ്ടപദ്ധതിക്ക് വേണ്ടി സാമൂഹികാഘാത പഠനം നടത്തുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടർ നിശ്ചയിച്ചിരിക്കുന്നത് അദ്ധ്വാന എന്ന ഏജൻസിയേയാണ്. 1860–ലെ സൊസൈറ്റി ആക്ട് XXI പ്രകാരം 2002–ൽ രജിസ്റ്റർ ചെയ്ത് നിലവിൽ തിരുവനന്തപുരം മേനംകുളം ആസ്ഥാനമായി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനയാണ് അദ്ധ്വാന. തുടർച്ചയായി പഠനങ്ങളും വിലയിരുത്തലുകളും നടത്തിയ പരിചയം പ്രസ്തുത സംഘടനയ്ക്ക് ഉണ്ട്.

3.3. സാമൂഹ്യ ആഘാത പഠനം നടത്തിയ ടീം

പരിചയ സമ്പന്നരായ 4 പേരാണ് സാമൂഹിക ആഘാത പഠനം നടത്തിയ ടീമിലുള്ളത്. **Table No. 3.1.** കാണുക.

Table No. 3.1. സാമൂഹിക ആഘാത പഠന ടീം

Sl. No.	Name	Qualification & Designation	Experience
1	Mr. Riyaz M.R.	M.Com Project Coordinator	2 years experience in research and training.
2	Ms. Avani L.S.	MSW Project Assistant	2 years experience in field work and data collection
3	Mr. Vilfred Rajappan	MCA Project Assistant	10 years experience in accounting, administrative and computer operations.

4	Dr. J.M. John	M.A., LL.B, Ph.D Project Consultant	30 years in social work, research and consultancy.

3.4. പഠനരീതിയും സമീപനവും

3.4.1. പ്രാഥമിക സ്രോതസ്സുകൾ (Primary sources)

1. ഭൂവുടമകളും അവരുടെ കുടുംബാംഗങ്ങളും
2. ജനപ്രതിനിധികളും പൊതു പ്രവർത്തകരും
3. പൊതുമരാമത്ത് വകുപ്പിലെ ഉദ്യോഗസ്ഥർ
4. മണക്കാട് വില്ലേജ് ഓഫീസ് ജീവനക്കാർ
5. പ്രദേശ വാസികൾ

3.4.2. ദ്വിതീയ സ്രോതസ്സുകൾ (Secondary sources)

1. തിരുവനന്തപുരം ജില്ലാ ഡെപ്യൂട്ടി കളക്ടർ (എൽ.യുടെ ഓഫീസിൽ നിന്ന് ലഭിച്ച രേഖകൾ.
2. ഭൂമിയുടെ ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനുമുള്ള നിയമവും (2013) ബന്ധപ്പെട്ട മറ്റ് നിയമങ്ങളും.
3. Policy of the State of Kerala for Compensation in Land Acquisition (G.O.(Ms)No. 485/2015/RD dated 23/09/2015).
4. E-Maps
5. Form 2–ലെ വിവരങ്ങൾ - റെക്വിസിഷനിംഗ് അതോറിറ്റി നൽകിയതനുസരിച്ച്.

3.5. വിവര ശേഖരണം

മുൻകൂട്ടി തയ്യാറാക്കിയ അഭിമുഖപട്ടിക (Interview Schedule) ഉപയോഗിച്ച് പ്രാഥമിക സ്രോതസ്സുകളിൽ നിന്ന് അദ്ധ്യാന SIA ടീം നേരിട്ടും ഫോണിലൂടെയും ഈമെയിലിലൂടെയും ആവശ്യമായ വിവരങ്ങൾ ശേഖരിച്ച്, വിശകലനം ചെയ്ത്, പദ്ധതിയുടേയും സാമൂഹികാഘാത പഠനത്തിന്റെയും മുഖ്യ ലക്ഷ്യത്തെ മുൻനിർത്തിയാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. ദ്വിതീയ രേഖകൾ പരിശോധിച്ച് ലഭ്യമായ വിവരങ്ങളുടെ വസ്തുനിഷ്ടത ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്.

3.6. പങ്കാളിത്താധിഷ്ഠിത പഠനം (Participatory Study)

പദ്ധതിക്കു വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിലൂടെ ഭൂമി വിട്ടു നൽകേണ്ടിവരുന്ന കുടുംബങ്ങളുടേയും പദ്ധതി പ്രദേശത്തെ സമൂഹങ്ങളുടേയും സാമൂഹ്യ സാമ്പത്തിക വിവരങ്ങൾ ശേഖരിച്ചത് വിവര ദാതാക്കളുടെ പങ്കാളിത്തത്തിലൂടെയാണ്. നഷ്ടങ്ങൾക്കാനുപാതികമായ നഷ്ടപരിഹാര മാർഗ്ഗങ്ങളെപ്പറ്റിയും അവർ ബോധമുള്ളവരാണ്. എല്ലാവരേയും ഉൾപ്പെടുത്തി സുതാര്യമായും പങ്കാളിത്താധിഷ്ടിത മായുമാണ് പഠനം പുരോഗമിച്ചത്.

3.7. പബ്ലിക് ഹിയറിംഗ്

(To Be Added)

3.8. ഉപസംഹാരം

കല്ലടിമുഖം പാലത്തിനും അനുബന്ധ റോഡുകളുടെ നിർമ്മാണത്തിനുമായി ഭൂമി ഏറ്റെടുക്കുന്നതിനു മുന്നോടിയായി നടത്തിയ സാമൂഹികാഘാത പഠനത്തിന്റെ രീതി ശാസ്ത്രമാണ് ഈ അദ്ധ്യായത്തിൽ വിവരിച്ചത്. നാലാമത്തെ അദ്ധ്യായത്തിൽ ഭൂമിയുടെ മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് വിവരിക്കുന്നത്.

****

അദ്ധ്യായം നാല്
ഭൂമിയുടെ മൂല്യനിർണയം
(Land Valuation)

4.1. ആമുഖം

ഭൂമി ഏറ്റെടുക്കുമ്പോൾ, അതുമൂലം ആ ഭൂമിയ്ക്കും അതിന്റെ ഉടമയ്ക്കും സമൂഹത്തിനും ഉണ്ടാകാനിടയുള്ള നഷ്ടം നികത്തേണ്ടത് സർക്കാറിന്റെ നിയമാനുസൃതമായ ബാദ്ധ്യതയാണ്. അതിനായി ഭൂമിയുടെ മൂല്യ നിർണ്ണയം, സാമൂഹിക, സാമ്പത്തിക, സാഹചര്യങ്ങൾ കൂടി കണക്കിലെടുത്ത്, അപഗ്രഥിക്കുന്നതിനാണ് ഈ അദ്ധ്യായം മാറ്റി വച്ചിരിക്കുന്നത്.

4.2. ഏറ്റെടുക്കുന്ന ഭൂമിയുടെ വിസ്തൃതി

കല്ലടിമുഖം പാലം നിർമ്മാണത്തിനായി ഏറ്റെടുക്കാൻ നിർദ്ദേശിച്ചിരിക്കുന്ന ഭൂമിയുടെ ആകെ വിസ്തൃതി 29.65 സെന്റ് (0.12 ആർ) ആണ്.

Table No. 4.1. ഭൂമിയുടെ വിവരങ്ങൾ

ജില്ല	തിരുവനന്തപുരം
താലൂക്ക്	തിരുവനന്തപുരം
വില്ലേജ്	മണക്കാട്
ബ്ലോക്ക്	5
റീസർവ്വെ നമ്പർ	Grid no. C43W15E05-26 42(1), 47, 48, 49, 52, 53, 54, 56, 58, 59, 69, 69(1), 70, 91 Grid no. C43W15E05-32 7, 8, 9, 10, 11, 13, 27, 27(1), 28, 28(1), 29, 29(1), 30, 31, 33, 34, 35, 45, 54, 55, 56, 57, 58, 67, 68, 69, 70, 73, 75, 75(1)
വിസ്തീർണ്ണം (ആറിൽ)	12 ആർ
വിസ്തീർണ്ണം (ഹെക്ടറിൽ)	0.12 ഹെക്ടർ
വിസ്തീർണ്ണം (സെന്റിൽ)	29.65 സെനറ്റ്

4.3. പദ്ധതി മൂലം ഉണ്ടാകാനിടയുള്ള ആഘാതങ്ങൾ

കല്ലടിമുഖം പാലം നിർമ്മാണത്തിനും അപ്രോച്ച് റോഡുകളുടെ നിർമ്മാണത്തിനും വേണ്ടി ഏറ്റെടുക്കാൻ നിർദ്ദേശിച്ചിട്ടുള്ളത് 33 സർവ്വേ നമ്പറുകളിലായി 31 പേരുടെ കൈവശമുള്ള വസ്തുക്കളാണ്. പദ്ധതി പ്രദേശത്ത് പലവട്ടം നേരിട്ട് പോകുകയും പ്രദേശവാസികളും പൊതു പ്രവർത്തകരുമായി ബന്ധപ്പെടുകയും ചെയ്താണ് വിവരങ്ങൾ ശേഖരിച്ചത്.

കല്ലടിമുഖം – കാലടി സൗത്ത് റോഡിന്റെ ഇരു വശങ്ങളിലുമായി പാർക്കുന്ന ആളുകളുടെ കൈവശമാണ് ഏറ്റെടുക്കാനുള്ള ഭൂമി. ചെറിയ വിസ്തീർണ്ണത്തിലുള്ള സ്ഥലങ്ങളിൽ ചെറുതും വലുതുമായ വീടുകൾ നിർമ്മിച്ച് കഴിയുകയാണ് അവർ. അവരുടെ വസ്തുക്കളിൽ പൊതുവെ വൻ വൃക്ഷങ്ങളോ കൃഷിയിടങ്ങളോ വ്യാപകമായി കാണുന്നില്ല. എങ്കിലും, പഠന നിരീക്ഷണങ്ങളിലൂടെ ലഭിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു.

Table No. 4.2. വൃക്ഷലതാദികൾ

Sl. No	Re-survey Number	Name of the land owner	Assets in the land
Grid No. C43W15E05-26			
1	48	Liji Chandran	Yielding coconut trees : 4 Non-Yielding coconut trees : 2 Yielding Jack fruit trees : 2 Non-yielding Mango trees : 1 Neem tree : 1
2		Chandran K	
3	49	K. Bindhu	Non-Yielding coconut trees : 2
4	52	Rajesh M	Nil
5		Aneesh M	Nil
6	53	R. Sheela	Nil
7	54	Preethi Santhosh	Nil
8		Santhosh Nagendran	
9	58	Maniyan. S	Nil
10		Prabhavati	
11	70	Meenakshi	Yielding coconut trees : 2
12	91	V. Vijayakumar	Yielding coconut trees : 8 Non-yielding coconut trees : 3
13		Jithendra Kumar Ayyappan	Yielding coconut trees : 2 Yielding Jack fruit trees : 1 Yielding mango trees : 1

			Yielding banana plants : 1
Grid No. C43W15E05-32			
14	7 54	Leela P	Yielding coconut trees : 2 Yielding Jack fruit trees : 2 Anjilu : 1 Guava Tree : 1
15	8 55	C Murugan	Yielding coconut trees : 1 Yielding mango trees : 1 Yielding banana plants : 3
16		J Lekha	
17	9 56	Santhosh S	Yielding banana plants : 100
18	10	Mini Padmakshi	Nil
19	11 58	Sahadevan K	Yielding coconut trees: 3 Non-yielding coconut trees: 2 Non-yielding Mango trees: 1 Mahogany: 2 Portia Tree: 1 Yielding banana plants: 4
20 21	27	Maya C Rameshan S	Yielding Jack fruit trees: 2
22	28	S. Venu	Nil
22 23	29 30 75	Bindhu J Anil	Nil
24	31 67	Girija S	Nil
25	33 68	Manoj S	Yielding coconut trees: 2 Yielding banana plants: 4
26 27	34 69	S. Nandiniyamma T Sreeraman	Yielding coconut trees: 8 Non-yielding coconut trees: 1 Yielding banana plants: 2 Non-yielding Jack fruit trees: 1
28	35 70	Prabhusha Srinivas	Nil
29	57	Babu V	Nil
30	71	Krishnan	Yielding coconut trees: 1 Yielding banana plants: 4

Table No. 4.3. ചെറു കച്ചവട സംരംഭങ്ങൾ

Sl. No	Re-survey Number	Name of the land owner	Assets in the land
Grid No. C43W15E05-26			
6	53	R. Sheela	മലക്കറി കട
11	70	Meenakshi	തട്ടുകട
Grid No. C43W15E05-32			
15	8 55	C Murugan	ഭക്ഷണശാല
16		J Lekha	

4.4. പദ്ധതി ബാധിത വസ്തുക്കളുടെ സമീപം പൊതു ഇടങ്ങൾ ഉണ്ടെങ്കിൽ അവയുടെ നിലവിലെ ഉപയോഗവും പദ്ധതിമൂലമുള്ള ആഘാതവും.

നിലവിലെ ഉരുക്ക് പാലത്തിലേക്ക് വന്നു ചേരുന്ന ടാറിട്ട റോഡുകൾ പൊതു ഇടങ്ങളാണ്. അവയുടെ മുകളിലൂടെ കൂടുതൽ ഉയരത്തിലും വീതിയിലും അപ്രോച്ച് റോഡുകൾ പണിയുമെന്നേയുള്ളൂ. ഈ റോഡുകൾ നിലവിൽ ജനങ്ങൾ അനുദിനം ഉപയോഗിച്ചു വരുന്നു.

കൂടാതെ കല്ലടിമുഖം ഭാഗത്ത് ഒരു കുളം നിർമ്മാണാവസ്ഥയിൽ കാണുന്നുണ്ട്. അത് വെറും കുളമാണെന്നും, അല്ല സ്വിമ്മിംഗ് പൂളാണെന്നും നാട്ടുകാരുടെ ഇടയിൽ സംസാരമുണ്ട്.

സർക്കാർ ഓഫീസുകൾ പൊതു ഇടങ്ങളാണ്. പദ്ധതി പ്രദേശത്തിനു ചുറ്റും അത്തരം പൊതു ഇടങ്ങൾ ധാരാളമുണ്ട്.

Table No. 4.4. പദ്ധതി പ്രദേശത്തിന് ചുറ്റുമുള്ള സ്ഥാപനങ്ങൾ

1	Govt. High School, Kalady
2	Konchira UPS
3	Kuttukalinmoodu Corporation Market
4	Government Homoeopathic Medical College
5	Manacaud Village Office
6	Rajeev Gandhi Vayanasala
7	Samadarshini Library
8	AKG Memorial Vayanasala
9	Kalady Sri Mahadeva Temple
10	Konchiravila Bhagavathi Temple

4.5. ഭൂമിയുടെ വിലനിലവാരം

പ്രദേശവാസികളുടെ അഭിപ്രായപ്രകാരം, പദ്ധതി പ്രദേശത്തെ, റോഡരികിലുള്ള സ്ഥലത്തിന് മികച്ച വില ലഭിക്കും. ഏകദേശ നിഗമനത്തിൽ സെന്റിന് 10 ലക്ഷം മുതൽ 15 ലക്ഷം വരെ വിലയുണ്ട്. എങ്കിലും കഴിഞ്ഞ മൂന്ന് വർഷങ്ങൾക്കിടെ നടന്ന ക്രയവിക്രയങ്ങൾ കണക്കിലെടുത്ത് കൂടുതൽ ശാസ്ത്രീയമായ രീതിയിൽ നിയമാനുസരണം വില നിശ്ചയിക്കാവുന്നതാണ്.

4.6. ഉപസംഹാരം

ഭൂമിയുടെ കിടപ്പ്, റോഡുകളുടെ സ്ഥിതി, വസ്തുക്കളുടെ തരം, പ്രദേശത്തെ ജനസാന്ദ്രത, മറ്റ് വികസന സാഹചര്യങ്ങൾ, ഭാവിയിലെ വികസന സാദ്ധ്യത എന്നിവ പരിഗണിക്കുമ്പോൾ, ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ മൂല്യം നിർണ്ണയിക്കുന്നതിന് ഉതകുന്ന വിവരങ്ങളാണ് ഈ അദ്ധ്യായത്തിൽ ചേർത്തിട്ടുള്ളത്. ബാധിതരായ കുടുംബാംഗങ്ങളുടേയും അവരുടെ ഭൂമിയുടേയും മറ്റു സ്ഥാവര ജംഗമ സ്വത്തുക്കളുടേയും വിവരങ്ങളാണ് അടുത്ത അദ്ധ്യായത്തിലെ ഉള്ളടക്കം.

****

അദ്ധ്യായം അഞ്ച്

ബാധിക്കപ്പെടുന്ന കുടുംബങ്ങളുടേയും വസ്തുവകകളുടേയും കണക്കെടുപ്പും തിട്ടപ്പെടുത്തലും

(Estimation and Enumeration of Affected Families and Assets)

5.1. ആമുഖം

കല്ലടിമുഖം പാലത്തിനും അപ്രോച്ച് റോഡുകൾക്കും വേണ്ടി ഏറ്റെടുക്കുന്ന ഭൂമിക്കും അതിലെ വൃക്ഷലതാദികൾക്കും കെട്ടിടങ്ങൾക്കും മതിലുകൾക്കും മറ്റു ആസ്തികൾ ഉണ്ടെങ്കിൽ അവയ്ക്കും നിലവിൽ എന്ത് മൂല്യമാണുള്ളതെന്നും അതിന്റെ സാമ്പത്തിക മൂല്യം എത്രമാത്രമെന്നും കണ്ടെത്തുന്നതിനുപകരിക്കുന്ന വിവരങ്ങളുടെ സംക്ഷിപ്തമാണ് ഈ അദ്ധ്യായത്തിൽ കാണുന്നത്.

5.2. ഏറ്റെടുക്കുന്ന ഭൂമിയും ആസ്തികളും അതിരുകളും

31 കുടുംബങ്ങൾ കൈവശം വച്ചിരിക്കുന്നതോ അവരുടെ ഉടമസ്ഥതയിലുള്ളതോ ആയ 33 സർവ്വെ നമ്പറുകളിലെ ഭൂമിയാണ് ഏറ്റെടുക്കാനുള്ളത്. ചുവടെ പട്ടികയിലുള്ള വിവരങ്ങൾ വില തിട്ടപ്പെടുത്തുന്നതിന് അത്യാവശ്യമാണെന്ന് കാണുന്നു.

Table No. 5.1. അടിസ്ഥാന വിവരങ്ങൾ

ക്രമ നം.	ഇനങ്ങൾ	വിവരങ്ങൾ
1	ജില്ല	തിരുവനന്തപുരം
2	താലൂക്ക്	തിരുവനന്തപുരം
3	വില്ലേജ്	മണക്കാട്
4	തദ്ദേശസ്വയംഭരണ സ്ഥാപനം	തിരുവനന്തപുരം നഗരസഭ
5	ഉടമകൾ	31
6	റീ സർവ്വേ നമ്പറുകൾ	44
7	ഗ്രിഡുകൾ	2
8	വിസ്തീർണം (ഹെക്ടേഴ്സ്)	0.12
9	വിസ്തീർണം (ആർസ്)	12
10	വിസ്തീർണം (സെന്റ്)	29.65

5.3. വില നിശ്ചയിക്കുമ്പോൾ കണക്കിലെടുക്കേണ്ട കാര്യങ്ങൾ

ഏറ്റെടുക്കുന്ന വസ്തുക്കൾ എല്ലാം തിരുവനന്തപുരം നഗര സഭയിലെ 70–ാം വാർഡിലും 55–ാം വാർഡിലുമാണ് സ്ഥിതിചെയ്യുന്നത്. ഭൂമിക്ക് വില കൂടിയ പ്രദേശമാണിത്. എല്ലാ വസ്തുക്കളും റോഡ് സൈഡിലാണ്.

റെയിൽവേ സ്റ്റേഷൻ, സെൻട്രൽ ബസ് ഡിപ്പോ, ഗവൺമെന്റ് സെക്രട്ടേറിയറ്റ് നിയമസഭ, നിരവധിയായ സർക്കാർ ഓഫീസുകൾ, ആരാധനാലയങ്ങൾ, വിദ്യാലയങ്ങൾ, ആശുപത്രികൾ, വ്യാപാര സ്ഥാപനങ്ങൾ, മാർക്കറ്റുകൾ മുതലായി ഭൂമിയുടെ വില വർദ്ധിപ്പിക്കുന്ന നിരവധി ഘടകങ്ങൾ കല്ലടിമുഖം പ്രദേശത്തിന് ചുറ്റും നിലവിലുണ്ട്. ഭാവിയിൽ ഇവയുടെ എണ്ണവും പ്രവർത്തനങ്ങളും വർദ്ധിച്ചു കൊണ്ടേയിരിക്കും. ഡോമസ്റ്റിക്, ഇൻർനാഷണൽ വിമാനത്താവളങ്ങളും പത്ത് കിലോമീറ്റർ അകലെയുണ്ട്. കഴക്കൂട്ടം – കാരോട് ബൈപാസ്, തിരുവനന്തപുരം – കന്യാകുമാരി ഹൈവേ എന്നിവയും നാലഞ്ച് കിലോമീറ്ററിനുള്ളിലാണ്.

ഏറ്റെടുക്കേണ്ട 33 സർവ്വേ നമ്പറുകളിലുള്ള വസ്തുക്കളിൽ 13 വസ്തുക്കൾ മുഴുവനായും 20 വസ്തുക്കൾ ഭാഗീകമായും വിട്ടു കിട്ടേണ്ടതുണ്ട്. ഈ വസ്തുക്കളിൽ, 9 വസ്തുക്കളിൽ നിലവിലുള്ള ചുറ്റു മതിൽ ഭാഗികമായി റോഡിനോടു ചേർന്ന ഭാഗവും ചിലരുടെ സൈഡ് മതിലുകളുടെ ഭാഗവും ഏറ്റെടുക്കേണ്ടിവരും. 8 ഉടമസ്ഥരുടെ വകയായി നിർമ്മിച്ച മതിലുകളുടെ മുഴുവൻ ഭാഗവും ഏറ്റെടുക്കുന്ന ഭൂമിയിൽ ഉൾപ്പെടുന്നു. തൊട്ടടുത്ത വസ്തു ഉടമകൾ നിർമ്മിച്ച മതിലുകളെ നഷ്ട സാധ്യതയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. 3 വീടുകൾ പൂർണ്ണമായി ഏറ്റെടുക്കേണ്ടി വരുന്ന വസ്തുക്കളിലുണ്ട്. 10 വീടുകളുടെ റോഡിനോടു ചേർന്ന ഭാഗങ്ങളും ഈ പട്ടികയിൽ ഉൾപ്പെടുന്നു. അങ്ങനെ ആകെ 13 വീടുകളെ ഏറ്റെടുക്കൽ നടപടികൾ ബാധിക്കുന്നതാണ്. മൊത്തം 6 ചെറിയ കടകളെ ബാധിക്കുമ്പോൾ 4 കടകളെ മുഴുവനായും 2 കടകളെ ഭാഗീകമായും നീക്കം ചെയ്യേണ്ടി വരും.

Table No. 5.2. Land Owners and their affected Assets

Sl. No	Re-survey Number	Name of the land owner	Assets in the land	Extend of Damage
Grid No. C43W15E05-26				
1	48	Liji Chandran	Compound Wall	Parially
2		Chandran K		
3	49	K. Bindhu	Compound Wall	Fully
4	52	Rajesh M	Compound Wall	Fully
			House	Fully
5		Aneesh M	Compound Wall	Fully
			House	Partially
6	53	R. Sheela	Compound Wall	Fully
			House	Partially
7	54	Preethi Santhosh	Compound Wall	Partially
8		Santhosh Narayan		
9	58	Maniyan. S	Compound Wall	Fully
10		Prabhavati	House	Partially
11	70	Meenakshi R	Shop	Fully
			House	Fully
12	91	V. Vijayakumar	NIL	
13		Jithendra Kumar Ayyappan	Compound Wall	Partially
			House	Partially
Grid No. C43W15E05-32				
14	7 54	Leela P	NIL	
15	8 55	C Murugan J Lekha	Shop	Fully
			Compound Wall	Parially
16			House	Partially
17	9 56	Santhosh S	Compound Wall	Fully
18	10	Mini Padmakshi	Compound Wall	Fully
			House	Partially
19	11 58	Sahadevan K	Shop	Partially
			House	Partially
20	27	Maya C	Compound Wall	Partially
21		Rameshan S	House	Fully
22	28	S. Venu	Compound Wall	Fully
			House	Partially
23	29 30 75	Bindhu J	Compound Wall	Parially
24		Anil		
25	31 67	Girija S	House	Partially
26	33 68	Manoj S	Shop	Fully
27	34 69	S. Nandiniyamma	Shop	Fully
28		T Sreeraman	Compound Wall	Parially
29	35 70	Prabhusha Srinivas	Shop	Parially
			Compound Wall	Parially

			House	Partially
30	57	Babu V	Compound Wall	Parially
31	71	Krishnan	NIL	

17 വസ്തുക്കളിൽ പലതരത്തിലുള്ള വൃക്ഷലതാദികൾ കാണുന്നു. 14 വസ്തുക്കളിൽ കാര്യമായ വൃക്ഷങ്ങൾ ഒന്നും തന്നെയില്ല.

Table No. 5.3. വൃക്ഷലതാദികൾ

Sl. No	Re-survey Number	Name of the land owner	Assets in the land
Grid No. C43W15E05-26			
1	48	Liji Chandran	Neem tree: 1
2		Chandran K	
3	49	K. Bindhu	Nil
4	52	Rajesh M	Nil
5		Aneesh M	Nil
6	53	R. Sheela	Nil
7	54	Preethi Santhosh	Nil
8		Santhosh Narayan	
9	58	Maniyan. S	Nil
10		Prabhavati	
11	70	Meenakshi	Yielding coconut trees: 2
12	91	V. Vijayakumar	Yielding coconut trees: 8 Non-yielding coconut trees: 3
13		Jithendra Kumar Ayyappan	Yielding coconut trees: 2 Yielding Jack fruit trees: 1 Yielding mango trees: 1 Yielding banana plants: 1
Grid No. C43W15E05-32			
14	7 54	Leela P	Yielding coconut trees: 2
15	8 55	C Murugan	Yielding coconut trees: 1
16		J Lekha	
17	9 56	Santhosh S	Yielding banana plants: 10
18	10	Mini Padmakshi	Nil
19	11 58	Sahadevan K	Yielding coconut trees: 1
20	27	Maya C Rameshan S	Yielding Jack fruit trees: 2
21			
22	28	S. Venu	Nil
22	29 30 75	Bindhu J Anil	Nil
23			
24	31 67	Girija S	Nil
25	33 68	Manoj S	Nil

26 27	34 69	S. Nandiniyamma T Sreeraman	Yielding coconut trees: 1 Yielding banana plants: 2
28	35 70	Prabhusha Srinivas	Nil
29	57	Babu V	Nil
30	71	Krishnan	Yielding coconut trees: 1

പരമ്പരാഗതമായി കോളനി പ്രദേശമായി കരുതപ്പെടുന്നുവെങ്കിലും, നഗരത്തിന്റെ എല്ലാ പ്രത്യേകതകളും ഈ പ്രദേശത്ത് കാണാനാകും.

5.4. ഉപസംഹാരം

ഏറ്റെടുക്കുന്ന ഭൂമിയുടെ വില നിശ്ചയിക്കുമ്പോൾ ഈ അദ്ധ്യായത്തിൽ പറയുന്ന സാമൂഹിക, സാമ്പത്തിക, സാംസ്ക്കാരിക സാഹചര്യങ്ങളും, ഭൂമിയുടെ വിസ്തീർണ്ണം, തരം, കിടപ്പ്, ഉടമസ്ഥതയുടെ സ്വഭാവം, ഉടമസ്ഥർക്കുണ്ടാകുന്ന നഷ്ടവും, നഷ്ട സാദ്ധ്യതകളും ഒക്കെ പരിഗണിക്കപ്പെടേണ്ടതാണെന്നുള്ള സമീപനമാണ് നിയമം മുന്നോട്ട് വയ്ക്കുന്നത്. അടുത്ത അദ്ധ്യായത്തിൽ ഭൂവുടമകളുടെ സാമൂഹ്യ സാമ്പത്തിക സാഹചര്യങ്ങളെപ്പറ്റിയാണ് പ്രതിപാദിക്കുന്നത്.

****

അദ്ധ്യായം ആറ്

ഭൂവുടമകളുടെ സാമൂഹ്യ സാമ്പത്തിക സാഹചര്യങ്ങൾ

(Socio-Economic Conditions)

6.1 ആമുഖം

ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി നടത്തുന്ന സാമൂഹ്യ ആഘാത പഠനത്തിന്റെ പ്രധാന ഘടകമാണ്, ഭൂമി നൽകുന്നവരോ ഭൂമി നൽകാൻ ബാദ്ധ്യസ്ഥരായവരോ ആയ ഭൂവുടമകളുടെ സാമൂഹ്യ സാമ്പത്തിക സാഹചര്യങ്ങളെപ്പറ്റിയുള്ള അന്വേഷണം. ഭൂവുടമകളിൽ നിന്ന് നേരിട്ടും ഫോണിലൂടെയും ശേഖരിച്ച് ക്രോഡീകരിച്ച വിവരങ്ങളാണ് ഈ അദ്ധ്യായത്തിലുള്ളത്.

6.2 പ്രാഥമിക വിവരങ്ങൾ

പട്ടയമുള്ള 31 ഭൂവുടമകളുടെ 33 സർവ്വേ നമ്പറുകളിലുള്ള സ്ഥലങ്ങളാണ് ഏറ്റെടുക്കാനായി അടയാളപ്പെടുത്തിയിട്ടുള്ളത്. അതിൽ 11 പേർ ദാരിദ്ര്യരേഖയ്ക്കു് മുകളിലും (A.P.L), 20 പേർ താഴെയുമാണ് (B.P.L). നാലുപേരുടെ പ്രതിമാസ കുടുംബ വരുമാനം മുപ്പതിനായിരം (30,000/–) രൂപയ്ക്ക് മുകളിലാണെങ്കിൽ, ഒരാൾക്ക് 30,000/– രൂപയാണ് മാസവരുമാനമായിട്ടുള്ളത്. ഇരുപതിനായിരത്തിനും മുപ്പതിനായിരത്തിനും ഇടയിൽ വരുമാനമുള്ള ഒരാളും, പതിനായിരത്തിനും ഇരുപതിനായിരത്തിനും ഇടയിൽ വരുമാനമുള്ള നാലുപേരും, അയ്യായിരത്തിനും (5,000/–) പതിനായിരത്തിനും ഇടയിൽ വരുമാനമുള്ള നാലു പേരും, അയ്യായിരത്തിന് താഴെ വരുമാനമുള്ള 12 പേരുമാണുള്ളതു്. ഈ പ്രദേശത്ത് ഭൂമി നൽകുന്നവർ പൊതുവെ ദരിദ്രരും ഇടനിലക്കാരുമാണ്.

Table No. 6.1. ഭൂവുടമകളുടെ വരുമാനം

വരുമാനം	എണ്ണം
രൂപ 30,000/– മുകളിൽ	4
രൂപ 30,000/–	1
രൂപ 20,000/– 30,000/–	1
രൂപ 10,000/– 20,000/–	4
രൂപ 10,000/– – 5,000/–	4
രൂപ 5,000/– താഴെ	12

കാര്യമായ വരുമാനമില്ല	5
ആകെ	**31**

6.3 തൊഴിൽ

Table No. 6.2. ഭൂവുടമകളുടെ തൊഴിൽ

Sl. No.	Sector of Employment	No. of owners
1	Government Employees	3
2	Daily Wage Labourers	1
3	Car Drivers	2
4	Wage Labourers	4
5	Auto Drivers	2
6	Domestic Work	2
7	Pensioners	5
8	Nursing Assistant	1
9	Traffic Warden	1
10	Private Job – Attendant	1
11	Animal Husbandry	1
12	Employed Abroad	2
13	Cleaning Staff	1
14	Teacher	1
15	No Employment	5
Total		**31**

മേൽ പട്ടിക സൂചിപ്പിക്കുന്നതുപോലെ, പദ്ധതിക്കായി സ്ഥലം നൽകുന്നവർ സാധാരണക്കാരാണ്. ചെറിയ ജോലികൾ ചെയ്ത് ഉപജീവനം കഴിക്കുന്നവരാണ് ഭൂരിപക്ഷവും.

6.4 ഉടമസ്ഥാവകാശം

Table No. 6.3. ഭൂമികളുടെ ഉടമസ്ഥാവകാശം

Type of Ownership	No. of owners
Ancestral	14
Purchased	14
Purmboke	3
Total	**31**

ഏറ്റെടുക്കുന്ന ഭൂമികളുടെ ഉടമസ്ഥർക്ക് തങ്ങളുടെ ഭൂമി എങ്ങനെയാണ് ലഭിച്ചത് എന്നതും പ്രധാനപ്പെട്ട വിവരമാണ്. 14 പേർക്ക് പരമ്പരാഗതമായി ലഭിച്ചവയാണ്. 14 പേർ വില കൊടുത്ത് വാങ്ങിയവയാണ്. 3 പേർ 2014–ൽ പുറമ്പോക്കിൽ താമസിച്ചിരുന്നവരുമാണ്. പിന്നീട്, പട്ടയം കിട്ടിയതാകാം.

6.5 ഭൂവുടമകളുടെ സമ്മതം

ന്യായമായ നഷ്ടപരിഹാരം ലഭിക്കണം എന്നത് എല്ലാവരുടേയും ആവശ്യമാണ്. എത്രയും വേഗം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കണം, നിർമ്മാണ സമയത്ത് ഉണ്ടാകാനിടയുള്ള ബുദ്ധിമുട്ടുകൾ പരമാവധി കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം മുതലായ ആവശ്യങ്ങൾ പരിഗണിച്ചാൽ വസ്തു വിട്ടുനൽകാൻ എല്ലാവരും തയ്യാറാണ്.

6.6 സാമൂഹ്യ സംഘടനകളിലെ അംഗത്വം

ഭൂവുടമകളുടെ കുടുംബങ്ങളിൽ മുതിർന്ന സ്ത്രീകൾ അയൽക്കൂട്ടങ്ങളിൽ അംഗങ്ങളാണ്. ഒരാളൊഴിച്ചാൽ മറ്റെല്ലാവരും ധീവര സഭാംഗങ്ങളാണ്. ചിലർ ക്ലബ്ബുകളിൽ അംഗത്വമെടുത്തിട്ടുണ്ട്. എല്ലാവരും ഒന്നുകിൽ രാഷ്ട്രീയ പാർട്ടികളിലെ അംഗങ്ങളോ അനുഭാവികളോ ആണ്. പ്രബലമായ മൂന്ന് മുന്നണികളും പ്രദേശത്ത് സജീവമാണ്.

6.7 ആരോഗ്യസ്ഥിതി

ചില വീടുകളിലെ മുതിർന്നവർ ആരോഗ്യ പ്രശ്നങ്ങൾ ഉള്ളവരാണ്. പൊതുവെ, പ്രദേശത്തെ ജനങ്ങൾ ആരോഗ്യമുള്ളവരാണ്.

6.8 പ്രാദേശിക സാഹചര്യങ്ങൾ – സാമൂഹികം, സാമ്പത്തികം

പദ്ധതി പ്രദേശത്തെ ജനങ്ങൾ ധീവര സമുദായത്തിൽ പെടുന്നവരാണ; ഒരു കുടുംബം ഷെഡ്യൂൾഡ് ജാതിയിലുള്ളവരും. കൂടുതൽ പേരും സാധാരണക്കാരും ദരിദ്രരും ചെറിയ ജോലികൾ ചെയ്ത് ജീവിക്കുന്നവരുമാണ്. കൂലിപ്പണിക്കാർ മുതൽ സർക്കാർ ജോലിക്കാർ വരെ ഇവിടെയുണ്ട്.

6.9 ഉപജീവന മാർഗ്ഗത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ

കൃഷിയോ മറ്റ് വ്യവസായങ്ങളോ ഇല്ലാത്ത ഈ പ്രദേശത്ത് വസിക്കുന്ന ജനങ്ങൾ മറ്റ് ജോലികൾ ചെയ്ത് കഴിയുന്നു. ഡ്രൈവിംഗ്, കൂലിത്തൊഴിൽ, പെൻഷൻ, നിർമ്മാണമേഖലയിലെ തൊഴിൽ എന്നിവ ജീവനോപാധികളാണ്.

6.10 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

പ്രദേശത്ത് ജീവിക്കുന്ന ജനങ്ങളും വസ്തു ഉടമകളം സാമാന്യേന എളിയ സാഹചര്യങ്ങളിലാണ് ജീവിക്കുന്നത്. നഗരത്തിന്റെ ഭാഗമാണെങ്കിലും

ഒരു കോളനിയുടെ സവിശേഷതകൾ ഇവിടെ കാണാം. ആതുരാലയങ്ങൾ, ആരാധനാലയങ്ങൾ, വിദ്യാലയങ്ങൾ, ക്ലബ്ബുകൾ മുതലായവ ജീവിതത്തിന് അനുകൂല ഘടകങ്ങളാണ്. റേഷൻ കടകളും ചന്തകളും ചെറു കച്ചവടക്കാരും പ്രദേശവാസികളുടെ ജീവിതത്തെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്.

6.11 പദ്ധതി മൂലമുള്ള ആഘാതം

പദ്ധതിക്കായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഭൂമി സർക്കാർ ഏറ്റെടുക്കുന്നതുവഴി ഉടമകളുടേയോ മറ്റുള്ളവരുടേയോ തൊഴിൽ, വരുമാനം, ഭക്ഷ്യസുരക്ഷ, ജീവിത നിലവാരം, ഉത്പാദന വിഭവങ്ങൾ എന്നിവയൊന്നും പ്രതികൂലമായി ബാധിക്കപ്പെടുന്നില്ല. ഉടമസ്ഥർക്ക് യാതൊരുവിധമായ സാമ്പത്തിക നഷ്ടവും സംഭവിക്കാനിടയില്ല. ചുറ്റുപാടുമുള്ള സ്ത്രീകളുടെ ഉപജീവന സാദ്ധ്യതകളെ പദ്ധതി പ്രതികൂലമായി ബാധിക്കുകയില്ല. നിർദ്ദിഷ്ട ഭൂമി ഏറ്റെടുത്താൽ, അതുമൂലം പദ്ധതി പ്രദേശത്തോ അതിന് ചുറ്റുമുള്ള സ്ഥലങ്ങളിലോ ഉള്ള പ്രകൃതി വിഭവങ്ങൾക്ക് യാതൊരു പ്രശ്നവുമുണ്ടാവുകയില്ല. മണ്ണ്, വായു, ജലം, സസ്യലതാദികൾ എന്നിവയേയും പ്രതികൂലമായി ബാധിക്കില്ല എന്ന് കാണുന്നു.

പൊതുവിഭവങ്ങളെ മാത്രമല്ല, മറ്റ് സ്വകാര്യ വസ്തുക്കൾ, സേവനങ്ങൾ, യൂട്ടിലിറ്റീസ് എന്നിവയേയും ഒരു തരത്തിലും പദ്ധതി പ്രതികൂലമായി ബാധിക്കുന്നില്ല. ആരോഗ്യ സേവനങ്ങൾ വിദ്യാഭ്യാസ മേഖലയിലെ സേവനങ്ങൾ, ഭവന നിർമ്മാണ സൗകര്യങ്ങൾ, റോഡുകൾ, മാലിന്യ നിർമ്മാർജ്ജന മാർഗ്ഗങ്ങൾ, കുഴൽ കിണറുകൾ മുതലായവയേയും ഏതെങ്കിലും തരത്തിൽ ബാധിക്കുന്നതായി കാണുന്നില്ല.

പദ്ധതിയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയതിനു ശേഷം ഉണ്ടാകാനിടുള്ള തൊഴിൽ പ്രശ്നങ്ങൾ, നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം എന്നിവ മുൻകൂട്ടി കണ്ട് അതിന്റെ പ്രത്യാഘാതം കുറയ്ക്കുന്നതിനുള്ള ആസൂത്രണം നടത്തേണ്ടതാണ്.

6.12 പദ്ധതിയുടെ പ്രതീക്ഷകൾ

ധാരാളം ജനങ്ങൾക്ക് വളരെ പ്രയോജനകരമായ പദ്ധതിയാണ് കല്ലടിമുഖം പാലത്തിന്റെ നിർമ്മാണം. സഞ്ചാര സ്വാതന്ത്ര്യം വർദ്ധിക്കും; നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടും. ബസ് സർവ്വീസ്

ആവശ്യാനുസരണം ഉണ്ടാകും. പൊതു കച്ചവട സ്ഥാപനങ്ങൾ ഉണ്ടാകും. സാമൂഹ്യ സാമ്പത്തിക ഇടപെടലുകൾക്ക് വേഗവും ചടുലതയും വർദ്ധിക്കും.

6.13 പദ്ധതിമൂലമുണ്ടാകാനിടയുള്ള ആഘാതം

ഉടമകൾക്ക് നഷ്ടപരിഹാരം കാലതാമസമെന്യേയും നീതി പൂർവ്വകമായും ഉറപ്പാക്കിയാൽ കാര്യമായ പ്രതികൂല ആഘാതം ഒന്നും തന്നെ ഉണ്ടാകാനിടയില്ല. അപ്രതീക്ഷിതമായ സാഹചര്യങ്ങൾ ഉണ്ടായാൽ, മുന്നൊരുക്കങ്ങളിലൂടെ അവയെ നേരിടാനാകും.

6.14 ഉപസംഹാരം

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കുമ്പോൾ, ഭൂവുടമയ്ക്കും സമൂഹത്തിനും ഉണ്ടാകാനിടയുള്ള ലാഭനഷ്ടങ്ങളുടെ വിശകലനവും വിലയിരുത്തലുമാണ് ഈ അദ്ധ്യായത്തിൽ നടത്തിയത്. നിയമത്തിൽ പരാമർശിച്ചിട്ടുള്ള എല്ലാ കാര്യങ്ങളും കണക്കിലെടുത്താണ് അഭിപ്രായ പ്രകടനങ്ങൾ നടത്തിയിട്ടുള്ളത്. ഇവയുടെയൊക്കെ വെളിച്ചത്തിൽ, സമൂഹത്തിനുണ്ടാകാനിടയുള്ള അനുകൂലവും പ്രതികൂലവുമായ ആഘാതങ്ങൾ എത്രമാത്രമാകുമെന്ന വിലയിരുത്തലാണ് അടുത്ത അദ്ധ്യായത്തിലുള്ളത്.

****

അദ്ധ്യായം ഏഴ്
സാമൂഹ്യ ആഘാതങ്ങൾ
(Social Impact)

7.1. ആമുഖം

കല്ലടിമുഖം പാലവും അനുബന്ധ റോഡുകളും നിർമ്മിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകാനിടയുള്ള അനുകൂലവും പ്രതികൂലവുമായ അനന്തര ഫലങ്ങളെ മുൻകൂട്ടി കണ്ട്, പ്രതികൂല സാഹചര്യങ്ങളുടെ ആഘാതം കഴിയുന്നത്ര കുറയ്ക്കാനുള്ള ആസൂത്രണം നടത്തേണ്ടതുണ്ട്. നിയമത്തിന്റെ സത്ത ആ വഴിക്കാണ് ഉരുത്തിരിഞ്ഞിട്ടുള്ളത്. പ്രതികൂലവും അനുകൂലവുമായ ആഘാതങ്ങളുടെ വിവരണമാണ് ഈ അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നത്.

7.2. സാമൂഹ്യാഘാതങ്ങൾ കണ്ടെത്തുന്നതിനുള്ള രൂപരേഖയും സമീപനവും.

നിർമ്മാണ ഘട്ടത്തിലും അതിനു ശേഷവും പദ്ധതി മൂലം സമൂഹത്തിലുണ്ടാകാൻ ഇടയുള്ള നല്ലതും ചീത്തയുമായ ഫലങ്ങളെയാണ് ഈ റിപ്പോർട്ടിൽ ആഘാതം എന്ന പദം കൊണ്ട് വിവക്ഷിക്കുന്നത്. പ്രവർത്തനങ്ങളുടെ ഫലങ്ങളെ (Results) മൂന്നായി മനസ്സിലാക്കേണ്ടതുണ്ട്.

1. പ്രവൃത്തി പൂർത്തിയാക്കിയാലുടൻ പെട്ടെന്ന് സ്വാഭാവികമായി ഉണ്ടാകുന്ന ഫലം – അതിനെ output അഥവാ immediate results എന്നു വിളിക്കാം.
2. പെട്ടെന്നുണ്ടാകുന്ന ഫലം മൂലം, അതിന് ഒപ്പമോ ശേഷമോ അതു കാരണമോ ഉണ്ടാകുന്ന ഫലം – അതിനെ outcome അഥവാ intermediate result എന്നു വിളിക്കാം.
3. മൂന്നാമത്തേതായി നിർവ്വചിക്കപ്പെടുന്നത് Outcome ലഭ്യമാകുന്നത് മൂലം ദീർഘകാലാടിസ്ഥാനത്തിൽ ലഭ്യമാകുന്ന, ഉരുത്തിരിഞ്ഞു വരുന്ന ഫലം – അതിനെ impact എന്ന് വിളിക്കാം.

എങ്കിലും നിയമത്തിൽ ഇത്തരം വിഭജനങ്ങൾ കാണാഞ്ഞതിനാൽ, ഈ റിപ്പോർട്ടിൽ ആഘാതം എന്ന് ഉദ്ദേശിക്കുന്നത് ഈ മൂന്ന് വിഭാഗത്തിലും വരുന്ന ഫലങ്ങളെയാണ്.

7.3. സാമൂഹ്യ ആഘാതങ്ങൾ

നിലവിൽ ചെറിയ തുണ്ട് ഭൂമികളിൽ വീട് നിർമ്മിച്ച് വർഷങ്ങളായി കുടി പാർക്കുന്നവരുടെ കൈയ്യിൽ നിന്ന് അതിലൊരു ഭാഗമാണ് ഏറ്റെടുക്കുന്നത്. ചിലർക്ക് മതിൽ മാത്രം നഷ്ടമാകും. മറ്റു ചിലർക്ക് മതിലും മുറ്റത്തിന്റെ ഒരു ഭാഗവും നഷ്ടമാകും. വേറെ ചിലർക്ക് വീടിന്റെ, റോഡിനോട് ചേർന്ന ഭാഗത്തിള്ള കുറെ ഭാഗം നൽകേണ്ടി വരും. 8 കുടുംബങ്ങൾക്കു് വീടു് മുഴുവനായി നഷ്ടമാക്കും.

എങ്കിലും പുതിയ വലിയ പാലവും അനുബന്ധ റോഡുകളും ഉണ്ടാകുമ്പോൾ ഭൂവുടമകൾക്ക് പ്രത്യേകിച്ചും പൊതു ജനങ്ങൾക്ക് പൊതുവെയും ഉണ്ടാകാനിടയുള്ള വികസന സാധ്യതകൾ വളരെ വലുതാണ്.

7.4. വിവിധ നിർമ്മാണ ഘട്ടങ്ങൾ

ഭൂമി ഏറ്റെടുക്കുന്ന പ്രക്രിയ പൂർത്തിയായാൽ രണ്ട് ഘട്ടങ്ങളിലായി നിർമ്മാണ പ്രവർത്തനങ്ങൾ തീർത്ത് പദ്ധതി പൂർത്തിയാക്കാവുന്നതാണ്.

7.4.1. ഒന്നാം ഘട്ടം

പദ്ധതിയുടെ പ്രധാന ഘടകം പാലത്തിന്റെ നിർമ്മാണമാണ്. ആധുനിക നിർമ്മാണ യന്ത്രങ്ങളും പരിചയ സമ്പന്നരായ എഞ്ചിനീയർമാരും വിദഗ്ദ്ധ അവിദഗ്ദ്ധ തൊഴിലാളികളും മറ്റു നിർമ്മാണ വസ്തുക്കളും ലഭ്യമായതിനാൽ, പാലം പണി വേഗത്തിലും ആവശ്യമായ ഗുണമേന്മയിലും ആദ്യം തീർക്കാവുന്നതേയുള്ളൂ.

7.4.2. രണ്ടാം ഘട്ടം

പാലം നിർമ്മാണം പൂർത്തിയാകുന്നതോടെ അനുബന്ധ റോഡുകളുടെ നിർമ്മാണം ആരംഭിക്കാനാകും. ഈ ഘട്ടത്തിലും തടസ്സങ്ങൾ ഉണ്ടാകാനുള്ള സാധ്യത കുറവാണ്.

എങ്കിലും മേൽ പറഞ്ഞ രണ്ട് ഘട്ടങ്ങളിലും കാലാവസ്ഥയുടെ മാറ്റങ്ങൾ നിർമ്മാണ പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കത്തക്ക വിധം ബുദ്ധിപൂർവ്വം ആസൂത്രണം ചെയ്യാവുന്നതാണ്. കാലതാമസം പൊതുജനങ്ങൾക്ക്

വളരെയേറെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുകയും ചെലവ് വർദ്ധിപ്പിക്കുകയും ചെയ്യും.

7.5. അനുകൂല ഫലസാധ്യതകൾ

കല്ലടിമുഖം പാലവും അനുബന്ധ റോഡുകളും നിർമ്മിച്ച് കഴിയുമ്പോൾ പ്രദേശവാസികൾക്ക് പ്രത്യേകിച്ചും ജില്ലയിലെ ജനങ്ങൾക്ക് പൊതുവെയും വളരെ ഏറെ ആശ്വാസം നൽകുന്ന അനുകൂല ഫലങ്ങൾ സിദ്ധിക്കും എന്നത് നിശ്ചയമാണ്.

- യാത്രാ സൗകര്യം പതിന്മടങ്ങ് വർദ്ധിക്കും
- വലിയ വാഹനങ്ങൾക്ക് കടന്നു പോകാം
- ജനജീവിതം കൂടുതൽ സുഖകരവും ലാഭകരവും ആകും. ചെലവ് കുറയും, സമയം ലാഭിക്കും.
- കുട്ടികൾക്കും മുതിർന്ന പൗരന്മാർക്കും ഏറെ ഗുണകരമായി ഭവിക്കും.
- ചെറുതും വലുതുമായ വ്യാപാര സ്ഥാപനങ്ങൾ ആരംഭിക്കാൻ ആളുകൾ മുന്നോട്ട് വരും.
- പ്രദേശത്ത് നിർമ്മാണ മേഖല ശക്തിപ്പെടും
- സർക്കാറിന്റെയും ജനങ്ങളുടെയും സാമ്പത്തിക സ്ഥിതിയിൽ മാറ്റമുണ്ടാകും.
- പൊതുവെ വികസനം സാദ്ധ്യമാകും
- ദീർഘകാലം പ്രയോജനകരമാകും.

7.6. പ്രതികൂല സാദ്ധ്യതകൾ

- ഭൂരിഭാഗം ഭൂവുടമകളെ സംബന്ധിച്ച്, നിലവിൽ കൈവശമിരിക്കുന്ന/ ഉപയോഗിക്കുന്ന പരിമിത സ്ഥലത്തിന്റെ വിസ്തൃതി വീണ്ടും കുറയും.
- റോഡിൽ നിന്നുള്ള പൊടിയും മാലിന്യവും കൂടുതൽ ശല്യമാകും.

7.7. ഉപസംഹാരം

അനുകൂലവും പ്രതികൂലവുമായ ഫലങ്ങളെ മുൻകൂട്ടി കണ്ട് അവയുടെ വിശകലനമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയത്. പദ്ധതിയുടെ ഗുണദോഷ വിശകലനമാണ് അടുത്ത അദ്ധ്യായത്തിലുള്ളത്.

****

അദ്ധ്യായം എട്ട്

ഗുണദോഷ വിശകലനം

(Cost - Benefit Analysis)

8.1. ആമുഖം

നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂവുടമക്ക് ഉണ്ടാകാനിടയുള്ള നേട്ടങ്ങളും കോട്ടങ്ങളും മാത്രമല്ല, സമീപ സ്ഥലങ്ങളിലെ ഭൂവുടമകൾക്ക് ഉണ്ടാകാനിടയുള്ള നേട്ടങ്ങളും കോട്ടങ്ങളും എന്തൊക്കെ എന്ന് പരിശോധിക്കുകയാണ് ഈ അദ്ധ്യായത്തിൽ. പദ്ധതിയുടെ ന്യായീകരണവുമായി ഈ ഗുണദേഷ വിശകലനത്തിന് ബന്ധമുണ്ട്.

8.2. ഏറ്റെടുക്കൽ മൂലം ഭൂവുടമയ്ക്ക് ഉണ്ടാകുന്ന നേട്ടങ്ങളും കോട്ടങ്ങളും

8.2.1. നേട്ടങ്ങൾ

- ഉടമകൾക്ക് തങ്ങൾ കൈമാറുന്ന ഭൂമിയ്ക്ക് മാന്യവും ന്യായവുമായ വില ലഭിക്കുന്നു. കൂടുതൽ ലാഭകരമായി അത് നിക്ഷേപിക്കാം.
- സമൂഹ നിർമ്മിതിയിൽ പങ്കാളികളാകാനുള്ള അവസരം ലഭിക്കുന്നു.

8.2.2. കോട്ടങ്ങൾ

- താരതമ്യേന പരിമിത സാഹചര്യങ്ങളിൽ കഴിയുന്നവരാണ്, പദ്ധതിക്കായി ഭൂമി കൈമാറേണ്ടി വരുന്നവരിൽ അധികവും. അവരുടെ ഭവനാന്തരീക്ഷം കൂടുതൽ ചുരുങ്ങിപ്പോകും.
- ഭൂമിയുടെ നഷ്ടപരിഹാരമായി ലഭിക്കുന്ന തുക ഫലപ്രദമായി ഉപയോഗിക്കുന്നില്ലെങ്കിൽ, ഭൂവുടമയ്ക്ക് ആത്യന്തികമായി നഷ്ടം സംഭവിക്കാം.
- ഭാവിയിൽ ഭൂമിയുടെ വില വർദ്ധിക്കുമ്പോൾ, കൈവിട്ടു പോയ ഭൂമിയെപ്പറ്റി നഷ്ടബോധം തോന്നാം.

8.3. സമീപത്തെ ഭൂവുടമകൾക്ക് ഉണ്ടാകുന്ന നേട്ടങ്ങളും കോട്ടങ്ങളും.

8.3.1. നേട്ടങ്ങൾ

- സമീപത്തെ ഭൂവുടമകളുടെ ഭൂമിയുടെ വില വർദ്ധിക്കും.
- നഷ്ടങ്ങളൊന്നുമില്ലാതെ, വികസനത്തിന്റെ ഫലം അവർക്കും ലഭിക്കും.
- കച്ചവടക്കാർക്ക് ഏറെ പ്രയോജനപ്പെടും.
- ജോലി സാധ്യത വർദ്ധിക്കും.

8.3.2. കോട്ടങ്ങൾ

- കാര്യമായ യാതൊരു പ്രതികൂല ഫലങ്ങളും സമീപ വാസികൾക്ക് ഉണ്ടാകുകയില്ല.

8.4. ഉപസംഹാരം

നിർദ്ദിഷ്ട പദ്ധതിക്കായി സ്ഥലമെടുക്കുമ്പോൾ ഭൂവുടമകൾക്കും സമൂഹത്തിനും ഉണ്ടാകാനിടയുള്ള ഗുണദോഷങ്ങളുടെ വിശകലനമാണ് ഈ അദ്ധ്യായത്തിൽ അവതരിപ്പിച്ചത്. അടുത്ത അദ്ധ്യായത്തിൽ സാമൂഹിക പ്രത്യാഘാത മാനേജ്മെന്റ് പ്ലാൻ വിശദീകരിക്കുന്നു.

****

അദ്ധ്യായം ഒൻപത്
സാമൂഹ്യ ആഘാത മാനേജ്മെന്റ് പ്ലാൻ
(Social Impact Management Plan)

9.1. ആമുഖം

സാമൂഹികാഘാത പഠനത്തിന്റെ പ്രധാനപ്പെട്ട ഭാഗമാണ് സാമൂഹികാഘാത മാനേജ്മെന്റ് പദ്ധതി. നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകാനിടയുള്ള പ്രത്യാഘാതങ്ങളുടെ കാഠിന്യം കുറയ്ക്കുന്നതിനോ ഇല്ലാതാക്കുന്നതിനോ ഉള്ള നിർദ്ദേശങ്ങളാണ് മാനേജ്മെന്റ് പ്ലാനിൽ ഉൾപ്പെടുത്തുന്നത്.

9.2. സാമൂഹ്യാഘാത മാനേജ്മെന്റ് പദ്ധതി രൂപീകരണത്തിന്റെ സമീപനം

മാന്യമായ നഷ്ടപരിഹാരവും നടപടിക്രമങ്ങളിലുള്ള സുതാര്യതയും വളരെ പ്രധാനപ്പെട്ട ഘടകങ്ങളാണ്. RFCTLARR Act, 2013 സെക്ഷൻ 26, 27, 28, 29–ൽ നിഷ്ക്കർഷിക്കുന്ന നടപടികളും മാനദണ്ഡങ്ങളും പാലിച്ച്, പദ്ധതിക്കായി ഭൂമി നഷ്ടപ്പെടുന്ന ഭൂവുടമയ്ക്ക് മാന്യവും സുതാര്യവും മികച്ചതുമായ നഷ്ടപരിഹാരം ലഭ്യമാക്കുക എന്നതാണ് സാമൂഹികാഘാത മാനേജ്മെന്റ് പദ്ധതി രൂപീകരണത്തിന്റെ സമീപനം.

9.3. ഉടമകളുടെ ആശങ്കകൾ

31 ഉടമകളിൽ ചിലർ ആശങ്കകൾ വച്ചു പുലർത്തുന്നുണ്ട്. ന്യായമായ വിധത്തിൽ ഈ ആശങ്കകളെ കൂടെ കണക്കിലെടുത്ത് നഷ്ടപരിഹാരം നിശ്ചയിക്കണം എന്നതാണ് അവരുടെ ആവശ്യം. പ്രധാനപ്പെട്ട ആശങ്കകൾ ചുവടെ കൊടുക്കുന്നു:

1. അപ്രോച്ച് റോഡുകൾ പണിയുമ്പോൾ തങ്ങളുടെ വീടുകളിൽ നിന്നും ഭൂമികളിൽ നിന്നും റോഡിലേക്ക് പോകാനുള്ള മാർഗ്ഗം തടസ്സപ്പെടുമോ എന്ന് ചിലർ ആശങ്കപ്പെടുന്നു.
2. മുകൾ നിലയിലേക്ക് പോകാനുള്ള പടികളുടെ ഏറ്റവും താഴെയുള്ള രണ്ടോ മൂന്നോ പടികൾ ഏറ്റെടുക്കുമ്പോൾ ഉണ്ടാകാനിടയുള്ള ബുദ്ധിമുട്ടുകൾ.

3. അപ്രോച്ച് റോഡുകൾ പണിയുമ്പോൾ റോഡിന്റെ നില പൊങ്ങുകയും തങ്ങളുടെ വീടുകളിൽ വെള്ളം കയറുകയും ചെയ്യും എന്ന് ചിലർ ഭയപ്പെടുന്നു.
4. ആകെയുള്ള ഉപജീവന മാർഗ്ഗമായ ചെറിയ കട ഏറ്റെടുത്ത് പോകുമ്പോൾ, ജീവിതം വഴിമുട്ടി പോകുമോ എന്ന് ആവലാതിപ്പെടുന്നു. പ്രസ്തുത ഉടമയ്ക്ക് ഒരു മുറി വീടാണ്. അതിലാണ് താമസവും കടയും.
5. ഏറ്റെടുക്കൽ നടപടികൾ അമിതമായി വീണ്ടും നീണ്ടുപോകുമോ എന്ന് ആശങ്കയുണ്ട്. ഇത് പൂർത്തിയായിട്ടുവേണം പുതിയ വീട് പണിയാൻ.
6. വാടകയ്ക്ക് കൊടുത്തിരിക്കുന്ന വീട് ഏറ്റെടുക്കുമ്പോൾ, അതിൽ നിന്ന് ലഭിക്കുന്ന വാടക കിട്ടാതാകും. അതു് തങ്ങളുടെ സാമ്പത്തിക നിലയെ ദോഷമായി ബാധിക്കും എന്നും ആശങ്കയുണ്ട്.
7. നിർമ്മാണ സമയത്ത് ഉണ്ടാകാനിടയുള്ള ഗതാഗത തടസ്സങ്ങളും മറ്റും രോഗികളെയും ശിശുക്കളെയും ഗർഭിണികളേയും ബുദ്ധിമുട്ടിലാക്കാൻ ഇടയുണ്ട്.
8. ചിലരുടെ സെപ്റ്റിക് ടാങ്ക് ഉൾപ്പെടെ ഏറ്റെടുത്ത് പോകും; ചിലരുടെ കക്കൂസുകളും. ഇവരിൽ ചിലർക്ക് ഇവ മാറ്റി സ്ഥാപിക്കാനുള്ള ഭൂമി ഇല്ലാത്തത് വലിയ ആശങ്കയായി നിലനിൽക്കുന്നു.

9.4. സാമൂഹ്യാഘാത ലഘൂകരണ പദ്ധതിയുടെ ലക്ഷ്യങ്ങൾ

1. പദ്ധതിമൂലം നഷ്ടമാകുന്ന ഭൂമിയുടെ ഉടമക്ക് നഷ്ടമാകുന്ന ഭൂമിയുടേയും അവയിലെ വൃക്ഷലതാദികളുടേയും വില നിയമാനുസരണം കണക്കാക്കി ഇടനിലക്കാരെ ഒഴിവാക്കി എത്രയും വേഗം വിതരണം ചെയ്യുക.
2. ഇക്കാര്യങ്ങളിൽ സർക്കാർ സംവിധാനങ്ങളെ പ്രവർത്തന സജ്ജമാകാൻ സഹായിക്കുക.
3. ഭൂമി വിട്ടു നൽകുന്നവർക്ക് യാതൊരു പ്രശ്നങ്ങളും ഉണ്ടാകാതെ കൂടുതൽ മികച്ച ജീവിത സാഹചര്യങ്ങൾ ലഭ്യമാകാൻ സഹായിക്കുക.

9.5. പ്രത്യാഘാത ലഘൂകരണ പദ്ധതി രൂപീകരണ പ്രക്രിയ

ഭൂമി വിട്ടു നൽക്കുന്നതു വഴി ഭൂവുടമക്ക് ഉണ്ടാകാനിടയുള്ള നഷ്ടങ്ങൾ എങ്ങനെ നികത്താനാകും എന്നതിനെക്കുറിച്ച് പഠന സമയത്ത് അന്വേഷിക്കുകയും ആലോചിക്കുകയും ചെയ്തു. നിയമവ്യവസ്ഥകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലാണ് ലഘൂകരണ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

9.6. അർത്ഥനാധികാരിയുടെ പങ്ക്

കല്ലടിമുഖം പാലവും അപ്രോച്ച് റോഡുകളും പണിയുന്ന പദ്ധതിയുടെ അർത്ഥനാധികാരി (Requisitioning Authority) തിരുവനന്തപുരം പി.ഡബ്ല്യു.ഡി ബ്രിഡ്ജസ് സെക്ഷൻ നമ്പർ III–ലെ അസിസ്റ്റന്റ് എഞ്ചിനീയറാണ് (Assistant Engineer, PWD Bridges Section No. III, Thiruvananthapuram). ഈ പദ്ധതിക്കു വേണ്ടി രണ്ട് ഗ്രിഡുകളിലായി 44 സർവ്വേ നമ്പറുകളിലുള്ള ഭൂമിയാണ് ഏറ്റെടുക്കേണ്ടതെന്ന് സർക്കാറിന് ശുപാർശ നൽകി, നടപടികൾ ആവശ്യപ്പെട്ടത് റിക്വിസിഷനിംഗ് അതോറിറ്റിയാണ്. അങ്ങനെ മൊത്തം 12 ആർ ഭൂമിയാണ് വേണ്ടതെന്നും നിശ്ചയിച്ചിട്ടുണ്ട്. നിലവിലെ കല്ലടിമുഖം പാലം അപകടാവസ്ഥയിലായതിനാൽ അടിയന്തിരമായി പദ്ധതി പൂർത്തിയാക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചിട്ടുണ്ട്.

ഭൂമി ഏറ്റെടുക്കൽ നിയമം വകുപ്പ് 40–ൽ പറയുന്ന വിധത്തിൽ അടിയന്തിരമായി ഭൂമി ഏറ്റെടുക്കണമെന്നാണ് ഫാറം 2–ൽ പറയുന്നത്. പ്രസ്തുത ഭൂമി കല്ലടിമുഖം പാലം പദ്ധതിക്കായി ഉപയോഗിക്കുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ തീരുമാനം (Resolution) ബാധകമല്ല എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള സർക്കാർ അനുവാദം ലഭിച്ചിട്ടുള്ളതായും ഫോറം 2–ൽ രേഖപ്പെടുത്തിയിട്ടുണ്ട്. 10.50 കോടി രൂപ ബഡ്ജറ്റ് ചെയ്തതായും (G.O.(Rt.)No. 894/2022/PWD dated 26/08/2022) ഈ തുക നിർമ്മാണ പ്രവർത്തനങ്ങൾക്കും സ്ഥലം ഏറ്റെടുക്കുന്നതിനും വേണ്ടിയുള്ളതാണെന്നും രേഖപ്പെടുത്തിയിരിക്കുന്നു.

ഭൂവുടമകളുടെ തടസ്സവാദങ്ങൾ പരിഗണിച്ചിട്ടുണ്ടെന്നും ഇതല്ലാതെ മറ്റ് ഒരു സ്ഥലവും ഉചിതമല്ലെന്നും അർത്ഥനാധികാരി അറിയിച്ചിരിക്കുന്നു.

9.7. മേൽനോട്ട കർത്തവ്യങ്ങൾ

ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുയോജ്യമായി നടക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിനായി ഒരു മോണിറ്ററിംഗ് കമ്മിറ്റിയെ നിശ്ചയിക്കാവുന്നതാണ്. ജനപ്രതിനിധികൾ, പൊതു പ്രവർത്തകർ, ഉദ്യോഗസ്ഥർ എന്നിവരെ പ്രസ്തുത സമിതിയിൽ ഉചിതമായ പ്രാതിനിധ്യത്തോടെ ഉൾപ്പെടുത്താവുന്നതാണ്.

9.8. പബ്ലിക് ഹീയറിംഗ് (Public Hearing)

(To Be Added)

9.9. പ്രതികൂല ഫലമുണ്ടാക്കുന്ന കാര്യങ്ങൾ ഒഴിവാക്കുന്നതിനും ലഘൂകരിക്കുന്നതിനും പരിഹരിക്കുന്നതിനുമുള്ള നടപടികൾ

കല്ലടിമുഖം പദ്ധതിക്കു വേണ്ടി ഭൂമി ഏറ്റെടുക്കുന്ന അവസരത്തിലോ അതിനു ശേഷമുള്ള നിർമ്മാണ ഘട്ടത്തിലോ പ്രവർത്തനക്ഷമമാകുമ്പോഴോ വിപരീത പ്രത്യാഘാതങ്ങൾ ഒന്നും തന്നെ പ്രതീക്ഷിക്കുന്നില്ല. സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ സാഹചര്യങ്ങൾ അനുകൂലമാണ്. എങ്കിലും, അപ്രതീക്ഷിതമായോ അസാധാരണമായോ ഉണ്ടായേക്കാനിടയുള്ള തടസ്സങ്ങൾ മുന്നിൽ കണ്ട് പദ്ധതി നിർവ്വഹണം ആസൂത്രണം ചെയ്യേണ്ടതുണ്ട്.

- നിർമ്മാണ പൂർവ്വ ഘട്ടത്തിൽ, ഭൂവുടമകൾക്ക് നൽകേണ്ടതായ നഷ്ടപരിഹാരത്തുക ന്യായമായും നിയമാനുസരണമായും നിശ്ചയിച്ച് എത്രയും വേഗം കൈമാറുക.
- ഒരു ഘട്ടത്തിലും നിയമ പോരാട്ടങ്ങൾക്ക് വഴിവയ്ക്കാത്ത വിധം ഭൂവുടമകളുമായി ആശയവിനിമയം നടത്തുക.
- ഒരു ഘട്ടത്തിലും ഇടനിലക്കാരെ ഇടപെടുത്താതിരിക്കുക.
- തൊഴിൽ പ്രശ്നങ്ങൾ ഉണ്ടാകാതെ ശ്രദ്ധിക്കുക.
- വേണ്ടത്ര സൂരക്ഷ എല്ലാ ഘട്ടത്തിലും ഉറപ്പാക്കുക.
- പരിസരവാസികളെ മുഖവിലയ്ക്കെടുത്ത് സുരക്ഷാ, മോഷണ സാധ്യതകൾ എന്നിവയെപ്പറ്റി ബോധമുണ്ടാക്കുക.
- ഗുണമേന്മയുള്ള ഉപകരണങ്ങളും നിർമ്മാണ സാമഗ്രികളും ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക.

- നിർമ്മാണ പുരോഗതി നിശ്ചിത സമയക്രമമനുസരിച്ച് വിലയിരുത്തുക.

9.10. ഉപസംഹാരം

കല്ലടിമുഖം പദ്ധതിയുമായും അതിനായി ഭൂമി ഏറ്റെടുക്കലുമായും ബന്ധപ്പെട്ട് പ്രത്യക്ഷത്തിൽ പ്രതികൂല പ്രത്യാഘാതങ്ങൾ പ്രതീക്ഷിക്കുന്നില്ലെങ്കിലും, സാധാരണയായി ഉണ്ടാകാനിടയുള്ള പ്രശ്നങ്ങൾ കൂടി മുന്നിൽ കണ്ട്, സാമൂഹിക പ്രത്യാഘാത മാനേജ്മെന്റ് പദ്ധതി നിർദ്ദേശിക്കുകയാണ് ഈ അദ്ധ്യായത്തിൽ ചെയ്തിരിക്കുന്നത്. പഠനത്തിന്റെ കണ്ടെത്തലുകളുടേയും അവയിലധിഷ്ടിതമായ ശുപാർശകളുടേയും സംക്ഷിപ്ത അവതരണമാണ് പത്താമത്തെ അദ്ധ്യായത്തിൽ ഉള്ളത്.

****

അദ്ധ്യായം പത്ത്

പ്രധാന കണ്ടെത്തലുകളും ശുപാർശകളും

(Findings and Recommendations)

10.1. ആമുഖം

കല്ലടിമുഖം പദ്ധതിക്കുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിന്റെ മുന്നോടിയായി നിയമാനുസരണം നടത്തിയ സാമൂഹ്യാഘാത പഠനത്തിലൂടെ കണ്ടെത്തിയ കാര്യങ്ങളും അവയുടെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയ ശുപാർശകളുമാണ് ഈ അദ്ധ്യായത്തിലുള്ളത്.

10.2. പ്രധാന കണ്ടെത്തലുകൾ

10.2.1. നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ട 12 ആർ ഭൂമി 44 സർവ്വേ നമ്പറുകളിലുള്ളവയാണ്. അതിൽ 11 വസ്തുക്കൾ പുറമ്പോക്ക് ആയിട്ടാണ് രേഖകളിൽ കാണുന്നത്. 33 പുരയിടങ്ങളിലായിട്ടാണ് പ്രസ്തുത ഭൂമി കിടക്കുന്നത്.

10.2.2. നിലവിലെ ഉരുക്കു പാലത്തിന്റെ കിഴക്കും പടിഞ്ഞാറും, നിലവിലെ റോഡിന്റെ ഇരുവശങ്ങളിലുമായിട്ടാണ് ഏറ്റെടുക്കാനുള്ള ഭൂമി കിടക്കുന്നത്.

10.2.3. എല്ലാ വസ്തുക്കളിലും ചെറിയ കെട്ടിടങ്ങൾ നിലവിലുണ്ട്. അവ ഏറെയും ഉടമകൾ താമസിക്കുന്ന വീടുകളാണ്. ചില വീടുകൾ വാടകയ്ക്ക് നൽകി ഉടമകൾ വേറെ സ്ഥലങ്ങളിൽ താമസിക്കുന്നു.

10.2.4. ചില വസ്തുക്കളിൽ വൃക്ഷലതാദികളുണ്ട്. വലിയ വൃക്ഷങ്ങൾ കുറവാണ്.

10.2.5. പലവീടുകളുടേയും റോഡിനോട് ചേർന്ന മതിലുകളുൾപ്പെടുന്ന ഭാഗങ്ങളാണ് ഏറ്റേടുക്കേണ്ടിയിരിക്കുന്നത്.

10.2.6. ന്യായവും നിയമാനുസരണവുമായ നഷ്ടപരിഹാരം ലഭിച്ചാൽ, പദ്ധതിക്കായി ഭൂമി വിട്ടു നൽകുന്നതിന് എല്ലാ ഭൂവുടമകൾക്കും സമ്മതമാണ്.

10.2.7. പരേതനായ ശ്രീ. കൃഷ്ണൻ എന്നയാളുടെ ഭൂമിയുടെ ഒരു ഭാഗം തങ്ങളുടെ ഓഫീസായി ഉപയോഗിച്ചു വരുന്നുവെന്നും ഉടമയുടെ അനുവാദത്തോടും സമ്മതത്തോടുമാണ് സംഘടന

അത് കൈവശം വച്ചിരിക്കുന്നതെന്നും പ്രവർത്തകർ അറിയിച്ചു. പകരം സ്ഥലം തങ്ങൾക്ക് അനുവദിച്ചു തരേണ്ടതാണെന്ന് അവർ ആവശ്യപ്പെടുന്നുണ്ട്.

10.2.8. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് സാമൂഹ്യ, രാഷ്ട്രീയ, സംസ്ക്കാരിക പ്രശ്നങ്ങൾ ഉണ്ടാകാനുള്ള സാഹചര്യമൊന്നുമില്ല.

10.2.9. ഭൂവുടമകൾക്ക് പ്രശ്നങ്ങളില്ലാത്തതിനാൽ, എത്രയും വേഗം സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാക്കണമെന്നാണ് അവരുടെ താൽപര്യം. നാട്ടുകാരും അത് ആഗ്രഹിക്കുന്നു. 2014–ന് മുമ്പു തന്നെ പദ്ധതിയെ പറ്റിയുള്ള ചർച്ച പൊതുജന മദ്ധ്യത്തിലുള്ളതിനാൽ, നിർമ്മാണം നടത്താൻ ഇനിയും അമാന്തിക്കരുത് എന്നാണ് പൊതു സമൂഹം ആവശ്യപ്പെടുന്നത്.

10.3. പ്രധാന ശുപാർശകൾ

10.3.1. നിർമ്മാണ പ്രവർത്തനങ്ങൾ അംഗീകൃത രൂപരേഖയ്ക്ക് അനുയോജ്യമായി നടക്കുന്നെന്ന് ഉറപ്പുവരുത്തുക.

10.3.2. ഭൂവുടമളെയും പൊതുജനങ്ങളേയും മുഖവിലയ്ക്കെടുത്ത്, നിർമ്മാണ സമയത്ത് ഉണ്ടാകാനിടയുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ വേണ്ടത്ര മുന്നൊരുക്കങ്ങൾ ചെയ്യുക.

10.3.3. ബദൽ യാത്രാസൗകര്യം ആസൂത്രണം ചെയ്ത് നേരത്തേ തന്നെ ജനങ്ങളെ അറിയിക്കുക.

10.3.4. ഗുണമേന്മയുള്ള ഉപകരണങ്ങളും നിർമ്മാണ സാമഗ്രികളും ആണ് ഉപയോഗിക്കുന്നതെന്ന് ഉറപ്പു വരുത്തുക.

10.3.5. നിർമ്മാണ സമയത്ത് അപകടങ്ങൾ ഉണ്ടാകാതിരിക്കാനുള്ള മുൻകരുതൽ എടുക്കുക.

10.3.6. പ്രദേശ വാസികളുടെ ഇടയിൽ പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളെപ്പറ്റി അവബോധം സൃഷ്ടിക്കുന്നത് അവരുടെ സഹകരണം ഉറപ്പാക്കാൻ സഹായിക്കും.

10.3.7. ഭൂമി ഏറ്റെടുക്കൽ നിയമ നൂലാമാലകളിലേക്ക് എത്തിപ്പെടാതിരിക്കാനായി നീതിപൂർവ്വവും സാമൂഹ്യ സാമ്പത്തിക സാഹചര്യങ്ങൾ വിലയിരുത്തിയും ഭൂവുടമകളുടെ ന്യായമായ താത്പര്യങ്ങൾ പരമാവധി മനസ്സിലാക്കിക്കൊണ്ടും തീർപ്പുകൾ കൽപ്പിക്കുന്നതാകും ഉചിതം.

10.3.8. വിനായക കലാസാംസ്കാരിക സംഘത്തിന്റെ ആവശ്യം പരിശോധിച്ചു് ഉചിതമെങ്കിൽ മറ്റൊരു സ്ഥലം നിർണ്ണയിച്ച് നൽകിയാൽ അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഒഴിവാക്കാവുന്നതാണ്.

10.4. ഉപസംഹാരം

ഈ അദ്ധ്യായത്തിലെ ശുപാർശകൾ പഠനം നടത്തിയ ടീം നൽകുന്ന അഭിപ്രായങ്ങളാണ്. നിയമാനുസൃതമാണ് പഠനം പുരോഗമിച്ചത്. പരമാവധി അന്വേഷണങ്ങൾക്കൊടുവിലാണ് ഇതിലെ കണ്ടെത്തലുകൾ നടത്തിയിട്ടുള്ളത്. നേരിട്ടുള്ള നിരീക്ഷണങ്ങളും പ്രാഥമിക വിവര ശേഖരണവും ദ്വിതീയ വിവര സ്രോതസ്സുകളുടെ പരിശോധനയും ഈ പഠനത്തിലുടനീളം അവലംബങ്ങളായി തീർന്നിട്ടുണ്ട്.

****